
# ANNE'S Digest



MARCH
2026



മാർച്ച് 19
സെന്റ് ജോസഫ്

ST. ANNE'S CHURCH

WEST FORT, THRISSUR - 680 004.

# Happy Christening of
# Anya Angalo

27th December 2025







D/o. Mrs. Riya & Mr. Angalo Simon
Grand D/o. Mrs. Moly Simon & Mr. Simon (Late)
Karerakkattil House, S.N. Park,
Thrissur-680004



St. Pious Unit





# സെന്റ് ആൻസ് ചർച്ച്, തൃശൂർ

**തൃശൂർ – 680 004**


**Vicar Personal Mob : 9495631820**
**Church Off: 8281832244**
web site:stanneschurchthrissur.com
e-mail : st.annesparishtcr@gmail.com
facebook : stannesparishtcr


## പത്രാധിപസമിതി & മീഡിയ


വാല്യം: 37 | ലക്കം: 3



- **ചീഫ് എഡിറ്റർ**
  റവ.ഫാ. **ജോർജ്ജ് എടക്കളത്തൂർ** 9495053386
- **എഡിറ്റർ**
  റവ.ഫാ. **മേജോ മുത്തിപീടിക** 8281783359
- **എക്സി. എഡിറ്റർ**
  പോളി ആഗസ്റ്റിൻ കൂള 9446356857
- **സെക്രട്ടറി** ബിജി സജു 9947024137
- **ട്രഷറർ** ഫ്രാൻസി ആന്റണി 9447918438

**ബോർഡ് അംഗങ്ങൾ**

| | |
|---|---|
| ഫ്രാൻസീസ് ചക്കാലയ്ക്കൽ | 9074923401 |
| ബിജു ആലപ്പാട്ട് | 9847069639 |
| ജോളി കുര്യാക്കോസ് | 7293103400 |
| അനിറ്റ ജോസ് | 9400887792 |
| സോളമൻ ബ്രഹ്മകുളം | 9995402660 |
| നോബിൾ പാട്രിക് | 8907139955 |
| ഏബൽ ജോൺസ് | 9633143329 |
| ഗോഡ്‌വിൻ കൊക്കൻ | 8589097102 |
| ഗോഡ്‌വിൻ ജോർജ്ജ് | 7560824631 |
| അബിൻ ബിജു | 9895776005 |
| സാന്റോ ചിറ്റിലപ്പിള്ളി | 9072345165 |
| ആന്റണി തെക്കേക്കര | 9567222291 |
| അജുൽ കെ.ഡി. | 8089664576 |

- **കൈക്കാരന്മാർ**

| | |
|---|---|
| ഫ്രാൻസീസ് പെരുമാട്ടിൽ | 9447746232 |
| രാജു കുരിയാക്കോസ് | 9447185043 |
| ബിജു കോമ്പാറക്കാരൻ | 9846565006 |
| സിജോ ജോസ് കള്ളിക്കാടൻ | 7012832595 |


## ഉള്ളടക്കം


എഡിറ്റോറിയൽ
ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ
ഇടയശബ്ദം
കൊച്ചച്ചൻ സംസാരിക്കുന്നു
അനുദിനവിശുദ്ധർ
സംഘടന വാർത്തകൾ
വി. യൗസേഫ്
ജസെബെൽ
കുടുംബകൂട്ടായ്മ വാർത്തകൾ
നോവിന്റെ താരാട്ട്.......
വിദ്യാർത്ഥികളോട്
കുടുംബക്ഷേമനിധി പിരിവ്
ഇംഗ്ലീഷ്-മംഗ്ലീഷ്
ബൈബിൾ ക്വിസ് സീനിയർ
ബൈബിൾ ക്വിസ് ജൂനിയർ
കളറിങ്ങ് മത്സരം
അനുദിന ബൈബിൾ വായന



- **ദൈവാലയ ശുശ്രൂഷി**
  കെ.പി. വർഗ്ഗീസ് 9495462449
- **ക്ലർക്ക്**
  ചാക്കോ തെക്കിനിയത്ത് 9895105564
  ഫ്രാൻസിസ് തരൂക്കര 8281832244

# EDITORIAL

മാർച്ച് മാസം ഒരു കാലാവസ്ഥാമാറ്റം മാത്രമല്ല; അത് ഒരു ആത്മീയ വിളിയാണ്. പ്രകൃതി പുതുവസന്തത്തിന്റെ ചായം പൂശുമ്പോൾ, ദൈവം നമ്മുടെ ഹൃദയത്തെയും പുതുക്കാൻ ക്ഷണിക്കുന്നു. ഉണങ്ങിയ കൊമ്പുകളിൽ വീണ്ടും ജീവൻ നിറയുന്നതുപോലെ, ആത്മീയമായി ക്ഷീണിച്ച നമ്മുടെ ജീവിതങ്ങളിലും പുതുജീവൻ പകരാൻ ദൈവം സന്നദ്ധനാണ്.

ഈ മാസം നമ്മെ ആത്മപരിശോധനയിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നു. വിശ്വാസജീവിതത്തിൽ നാം എവിടെയാണ് നിൽക്കുന്നത്? നമ്മുടെ പ്രാർത്ഥനകൾ വെറും ശീലങ്ങളായി മാറിയിട്ടുണ്ടോ? സ്നേഹം വാക്കുകളിൽ മാത്രം ഒതുങ്ങിയിട്ടുണ്ടോ? ഈ ചോദ്യങ്ങൾ നമ്മെ അസ്വസ്ഥരാക്കാൻ അല്ല, ഉണർത്താൻ തന്നെയാണ്.

നോമ്പും പ്രാർത്ഥനയും വെറും ആചാരങ്ങൾ അല്ല; അവ ദൈവസന്നിധിയിൽ നിൽക്കാനുള്ള ആത്മീയ പരിശീലനങ്ങളാണ്. ഈശോ മരുഭൂമിയിൽ നാൽപ്പതു ദിവസം പ്രാർത്ഥനയിലും ഉപവാസത്തിലും നിന്നപ്പോൾ, അത് ദൗർബല്യത്തിന്റെ അടയാളമല്ലായിരുന്നു; ദൈവപിതാവിനോടുള്ള സമ്പൂർണ്ണ ആശ്രയത്തിന്റെ പ്രഖ്യാപനമായിരുന്നു. അതുപോലെ തന്നെ, നമ്മുടെ ജീവിതത്തിലെ പരീക്ഷണങ്ങൾ നമ്മെ തകർക്കാൻ അല്ല, ദൈവത്തിൽ കൂടുതൽ ആഴത്തിൽ പിടിച്ചുനിൽക്കാൻ പഠിപ്പിക്കുന്നു......

മാർച്ച് നമ്മെ മൂന്ന് കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു:

**1. ഹൃദയത്തിന്റെ ശുദ്ധീകരണം**

പുറമേയുള്ള ഭക്തിപ്രകടനങ്ങൾക്കപ്പുറം, ദൈവം അന്വേഷിക്കുന്നത് ശുദ്ധമായ ഹൃദയമാണ്. ക്ഷമിക്കാനാവാത്തവരോട് ക്ഷമിക്കുക, മറന്നുപോയവരെ ഓർക്കുക, ഉപേക്ഷിക്കപ്പെട്ട ജീവിതങ്ങളെ തേടുക ഇതാണ് യഥാർത്ഥ നോമ്പ്.

**2. സ്നേഹത്തിന്റെ പുനരാവിഷ്കാരം**

ക്രിസ്തീയ ജീവിതത്തിന്റെ ഹൃദയം സ്നേഹമാണ്. കുടുംബത്തിൽ, സഭയിൽ, സമൂഹത്തിൽ നമ്മൾ സ്നേഹത്തിന്റെ സാക്ഷികളാകണം. ഒരു സൗഹൃദവാക്ക്, ഒരു ആശ്വാസസ്പർശം, ഒരു നിശ്ശബ്ദപ്രാർത്ഥന ഇവ ചെറുതായി തോന്നാം; പക്ഷേ ദൈവരാജ്യത്തിൽ അതിന് വലിയ വിലയുണ്ട്.

**3. പ്രത്യാശയുടെ പുതുനാമ്പ്**

ഇരുട്ട് നീണ്ടാലും പുലരി ഉറപ്പാണ്. നമ്മുടെ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടായാലും, ദൈവത്തിന്റെ വാഗ്ദാനം നിലനിൽക്കുന്നു. തകർന്ന ഹൃദയ

ങ്ങളെ ചേർത്തുപിടിക്കുന്ന കർത്താവ് ഇന്നും ജീവനുള്ളവനാണ്. പ്രത്യാശ കൈവിടാതെ മുന്നോട്ട് നടക്കാൻ ഈ മാസം നമ്മെ പ്രചോദിപ്പിക്കുന്നു.

പ്രിയ സഹോദരങ്ങളേ,

ഈ മാർച്ച് മാസം നമ്മെ ഒരു പുതുയാത്രയിലേക്ക് നയിക്കട്ടെ ആചാരങ്ങളിൽനിന്ന് ആത്മാർത്ഥതയിലേക്കുള്ള യാത്ര, ഭയത്തിൽനിന്ന് വിശ്വാസത്തിലേക്കുള്ള യാത്ര, സ്വാർത്ഥതയിൽ നിന്ന് ത്യാഗത്തിലേക്കുള്ള യാത്ര.

നമ്മുടെ പ്രാർത്ഥനകൾ കൂടുതൽ ആഴമുള്ളതാകട്ടെ. നമ്മുടെ സ്നേഹം കൂടുതൽ സത്യമായിരിക്കട്ടെ. നമ്മുടെ വിശ്വാസം കൂടുതൽ ഉറച്ചതാകട്ടെ.

ഈ മാസം ഓരോ കുടുംബവും ഒരുമിച്ച് ദൈവസന്നിധിയിൽ മുട്ടുകുത്തി പ്രാർത്ഥിക്കട്ടെ. ഓരോ ഹൃദയവും പുതുവസന്തമായി വിരിയട്ടെ.

മാർച്ച് ആത്മീയ ഉണർവിന്റെ മാസം ആകട്ടെ!

പത്രാധിപസമിതി

## മാർച്ച് 2026 ഓർമ്മിക്കേണ്ട വിശേഷപ്പെട്ട ദിവസങ്ങൾ

| | | |
|---|---|---|
| 5 വ്യാഴം | : | വീടുകളിലെ കിടപ്പ് രോഗികൾക്ക് കുമ്പസാരിക്കാനും വി.കുർബാന സ്വീകരിക്കാനും അവസരം. |
| 6 വെള്ളി | : | ആദ്യവെള്ളി. വൈകീട്ട് 5.30 മുതൽ കുമ്പസാരിക്കാൻ അവസരം ഉണ്ടായിരിക്കും. ആഘോഷമായ കുരിശിന്റെ വഴി നേർച്ച്ക്കഞ്ഞി മുതലായവ ഉണ്ടായിരിക്കും. |
| 8 ഞായർ | | |
| 10 ചൊവ്വ | : | വി. യൗസേപ്പിതാവിന്റെ നവനാൾ കൊടികയറ്റം |
| 11. ബുധൻ | : | പാതിനോമ്പ് |
| 13. വെള്ളി | : | വെള്ളി തിരുകർമ്മങ്ങൾ |
| 15 ഞായർ | | |
| 19 വ്യാഴം | : | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ. ആഘോഷമായ വി. കുർബാന, ലതീഞ്ഞ്, നൊവേന, നേർച്ച. (6.00 p.m.) |
| 20 വെള്ളി | : | വെള്ളി തിരുകർമ്മങ്ങൾ |
| 22 ഞായർ | | |
| 25 ബുധൻ | : | (മംഗളവാർത്ത തിരുനാൾ) |
| 27 വെള്ളി | : | (40–ാം വെള്ളി) വെള്ളി തിരുകർമ്മങ്ങൾ |
| 29 ഞായർ | : | ഓശാന ഞായർ |
| 30 തിങ്കൾ | : | ഓശാന ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ പള്ളിക്കൂദാശക്കാലം അവസാനം വരെ മാർ അദ്ദായി മാർ മാറിയുടെ കൂദാശാക്രമം ഉപയോഗിക്കുന്നു. |



# ഇടയശബ്ദം

സ്നേഹമുള്ള ഇടവകാംഗങ്ങളേ,

ധന്യരായ വൈദികർ സേവനം ചെയ്ത സെ. ആൻസ് ദേവാലയത്തിൽ സേവനം ചെയ്യാൻ ദൈവപരിപാലനയിൽ എനിക്കും അവസരം ലഭിച്ചിരിക്കുകയാണ്. ഫെബ്രുവരി 5–ാം തിയ്യതി ബുധനാഴ്ച ഞാൻ ഇവിടെ ചാർജ്ജ് എടുത്തു. നിങ്ങളുടെ നല്ലസ്വീകരണത്തിനും ആശംസകൾക്കും ഹൃദയപൂർവ്വം നന്ദി പറയുന്നു. ഈ ഇടവകയുടെ വളർച്ചയിൽ പങ്കുവഹിച്ച ധന്യരായ വൈദികരെപ്പോലെ എനിക്കും ഇവിടെ സേവനം ചെയ്യാൻ ദൈവാനുഗ്രഹം ലഭിക്കണമെ എന്ന് നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെയും കൂടെ ഓർക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഈശോ ആഗ്രഹിക്കുന്നതുപോലെ നിങ്ങളുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്ക് ആവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കാൻ എന്നെ ശക്തനാക്കണമെ എന്ന് പ്രാർത്ഥിക്കുമല്ലോ.

ഇടവകയെയും ഇടവകയിലെ അച്ചന്മാരെയും ആത്മാർത്ഥമായി സ്നേഹിക്കുന്നവരാണ് ഇടവകക്കാർ എന്ന് മനസ്സിലാക്കുന്നു. എല്ലാവരുടെയും സഹകരണത്തോടെയും പങ്കാളിത്വത്തോടെയും ഇടവകയെ നമുക്ക് മുന്നോട്ട് നയിക്കാം. നമ്മുടെ ഇടവകയ്ക്ക് ഉപകരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് നിങ്ങൾക്ക് പങ്കുവയ്ക്കാം. കുടുംബകൂട്ടായ്മകളിലും സംഘടനാ പ്രവർത്തനങ്ങളിലും ഇടവക പ്രതിനിധിയോഗത്തിലും ഇനി മുതൽ നമ്മൾ എന്താണ് ചെയ്യേണ്ടതെന്ന് ചർച്ച ചെയ്യുകയും പൊതു അഭിപ്രായത്തോട് ചേർന്നുകൊണ്ട് തീരുമാനങ്ങൾ എടുക്കുകയും ചെയ്യാം.

നമ്മൾ നോമ്പുകാലത്തിൽ പ്രവേശിച്ചിരിക്കുകയാണ്. പ്രാർത്ഥനകൾക്കും കൂദാശാ സ്വീകരണത്തിനും ദാനധർമ്മങ്ങൾക്കും പാപപരിഹാരത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഈ നോമ്പുകാലം ധന്യമാക്കാം. ഈ നോമ്പുകാലത്ത് ഏതാനും പരിപാടികൾ നമ്മൾ ഒരുക്കുന്നുണ്ട്. അതിലെല്ലാം താല്പര്യപൂർവ്വം പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.





പ്രിയ കുട്ടികളെ,

വിശ്വാസ പരിശീലന ക്ലാസ്സുകളും പരീക്ഷകളും കഴിഞ്ഞു. ഇനി സ്കൂൾ പരീക്ഷയുടെ സമയമാണ്. സമയം നഷ്ടപ്പെടുത്താതെ ഉണർവ്വോടും ഉത്സാഹത്തോടുംകൂടെ പരീക്ഷയ്ക്ക് ഒരുങ്ങാം. അതിനിടയിൽ വി.കുർബ്ബാനയ്ക്കും പ്രാർത്ഥനയ്ക്കും സമയം കണ്ടെത്തണം. പഠനവും പ്രാർത്ഥനയും കൂടി ഉണ്ടെങ്കിലേ വിജയം വരിക്കാനാവുകയുള്ളൂ. ഈ വെക്കേഷൻകാലത്ത് പതിവുപോലെ 5 മുതൽ 12 വരെ പഠിക്കുന്ന കുട്ടികൾക്ക് ക്യാമ്പ് ഉണ്ടായിരിക്കും. അതിലും മുടക്കം കൂടാതെ പങ്കെടുക്കാൻ പരിശ്രമിക്കുമല്ലോ. നോമ്പുകാലത്തുള്ള വി.കുർബാനയിൽ പങ്കെടുക്കാൻ ധാരാളം കുട്ടികൾ വരുന്നുണ്ട്. സന്തോഷം ഉണ്ട്. ആ പതിവ് തുടരുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഈ വർഷത്തെ നോമ്പുകാല പരിപാടികൾ താഴെ ചേർക്കുന്നു.**

1. വനിത സംഗമം – മാർച്ച് 8 ഞായർ 4.00 pm – 5.30 pm

5.40 pm കുരിശിന്റവഴി തുടർന്ന് 6.00 pm ന് ദിവ്യബലി

പങ്കെടുക്കേണ്ടവർ : 70 വയസ്സിനു താഴെ പ്രായമുള്ള സ്ത്രീകൾ

2. മാർച്ച് 10 വി. യൗസേപ്പിതാവിന്റെ തിരുനാൾ കൊടികയറ്റം 6.00 pm

3. യുവജനങ്ങളുടെ സംഗമം : മാർച്ച് 15 ഞായർ 7.00 pm – 8.30 pm

പങ്കെടുക്കേണ്ടവർ : 18നും 35നും ഇടയിൽ പ്രായമുള്ളവർ

4. പിതൃസംഗമം : മാർച്ച് 22 ഞായർ 4.00 pm – 5.30 pm

5. വി. യൗസേപ്പിതാവിന്റെ തിരുനാൾ : മാർച്ച് 19 വ്യാഴം

6. സീനിയർ സംഗമം : മാർച്ച് 29 ഓശാന ഞായർ 3.30 pm

പങ്കെടുക്കേണ്ടവർ : 70 വയസ്സിന് മുകളിൽ പ്രായമുള്ളവർ

(രോഗികളായി കിടക്കുന്നവരെ പ്രത്യേകം കൊണ്ടുവരുന്നതാണ്) കുമ്പസാരം, വി.കുർബാന, സ്നേഹവിരുന്ന്

**നോമ്പുകാലധ്യാനം**

മാർച്ച് 26, 27, 28 (വ്യാഴം, വെള്ളി, ശനി)

സമയം: 5.30 വി. കുർബാന തുടർന്ന് ധ്യാനചിന്തകൾ വൈകീട്ട് 9 മണി വരെ.

**ആദ്യകുർബാനസ്വീകരണം**

ക്ലാസ് ആരംഭിക്കുന്നത് – ഏപ്രിൽ 7ന് സമയം രാവിലെ 6.30 വി. കുർബാന തുടർന്ന് 10 am വരെ

ആഘോഷമായ വി.കുർബാന സ്വീകരണം : മേയ് 3 ഞായർ 9.30 am

**കുട്ടികളുടെ ക്യാമ്പ്**

ഏപ്രിൽ 27, 28, 29 (വ്യാഴം, വെള്ളി, ശനി) രാവിലെ 9.00 മുതൽ

സ്നേഹത്തോടെ,

സ്വന്തം **റവ.ഫാ. ജോർജ്ജ് എടക്കളത്തൂർ**




നമ്മുടെ ജീവിതത്തിൽ നമ്മളെക്കാൾ പ്രാധാന്യമർഹിക്കുന്ന മറ്റൊരു വ്യക്തിയുടെ സാന്നിധ്യം, നമ്മുടെ മനോഭാവത്തെയാകെ മാറ്റുന്നു. അവനവനിലുള്ള എന്തോ ഒന്ന് അവിടെ വീണുപോകുന്നു, എന്തോ നഷ്ടമാവുന്നു. സ്നേഹത്തിൽ ചെന്ന് വീഴുക (Fall in Love) എന്ന് നമ്മൾ സാധാരണയായി English ൽ പറയാറുള്ളത്. ഒരു അർത്ഥത്തിൽ അതു വളരെ ശരിയാണ്. കാരണം സ്നേഹത്തിൽ ഉയർച്ചകളോ താഴ്ച്ചകളോ ഇല്ല. സ്നേഹത്തിൽ വീഴ്ച്ച തന്നെയാണുള്ളത്. അവനവനിലുള്ള എന്തോ ഒന്ന് അവിടെ വീണുപോകുന്നു, നഷ്ടമാകുന്നു. പൂർണ്ണമായി ഇല്ലെങ്കിലും നമ്മിലെ ഒരംശം അവിടെ കൈവിട്ടുപോകുന്നു. സ്നേഹത്തിന്റെ കാര്യം വരുമ്പോൾ സ്നേഹിക്കുന്നവർക്കുവേണ്ടി എന്തും വിട്ടുകൊടുക്കാൻ നമ്മൾ തയ്യാറാവുന്നു. നമ്മുടെ ജീവിതത്തിൽ നമ്മളെക്കാൾ പ്രാധാന്യമർഹിക്കുന്ന മറ്റൊരു വ്യക്തിയുടെ സാന്നിധ്യം, നമ്മുടെ മനോഭാവത്തെയാകെ മാറ്റുന്നു. വാസ്തവത്തിൽ അപ്പോൾ മാത്രമാണ് സ്നേഹം സ്നേഹമാവുന്നത്. സ്നേഹം പരസ്പരം ലാഭം നേടാനുള്ള ഒരു കൈമാറ്റകച്ചവടമല്ല. എല്ലാത്തിനെയും സ്നേഹത്തോടെ കാണാൻ കഴിഞ്ഞാൽ ജീവിതവും സുഖകരമായ ഒരനുഭവമാകും. ലോകം മുഴുവനും സുന്ദരമായി തോന്നും. സ്നേഹം എന്നത് നിങ്ങൾ ചെയ്യുന്ന ഒരു പ്രവൃത്തിയല്ലെന്നു മനസ്സിലാവും. സ്നേഹം നമ്മൾ തന്നെയാണ്, നമ്മുടെ മനോഭാവമാണ്. സ്നേഹത്തെപ്പറ്റിയുള്ള വി. ഗ്രന്ഥവിചാരം എന്നത് ദൈവം സ്നേഹത്തിന്റെ ഉറവയാണ് എന്നാണ്. സ്നേഹം ദീർഘമായി ക്ഷമിക്കുകയും, ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. ദൈവം സ്നേഹം ആയതുകൊണ്ട്, അത് തന്നെയാണ് ദൈവത്തിന്റെ സ്വഭാവവും. യഥാർത്ഥ സ്നേഹത്തിന്റെ പ്രതീകമാണ് ദൈവം.

അതുകൊണ്ട്, Lets Fall in love with God and others. ഈ നോമ്പുകാലം ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ഒരു നല്ല കാലഘട്ടമായി തീരട്ടെ.

പരസ്പരം സ്നേഹിക്കുകയെന്നതൊഴികെ നിങ്ങൾക്ക് ആരോടും ഒരു കടപ്പാടുമുണ്ടാകരുത്.

(റോമാ 13 : 8)

ഒത്തിരി സ്നേഹത്തോടെ

**മേജോച്ചൻ**

# അനുദിന വിശുദ്ധർ



## ബൊഹേമിയയിലെ വിശുദ്ധ ആഗ്നസ്

**1211–1282**



**മിസ്സിസ് ടെസ്സി ആന്റോ**

ബൊഹേമിയയിലെ ഒട്ടോക്കർ ഒന്നാമൻ രാജാവ് ഹംഗറിയിലെ രാജകുടുംബാംഗമായ കോൺസ്റ്ററൻസ്എന്നിവരായിരുന്നു ആഗ്നസിന്റെ മാതാ പിതാക്കൾ.

ആഗ്നസിന് ഒമ്പത് വയസ്സായപ്പോൾ ഫ്രെഡറിക് ദ്വിതീയൻ ചക്രവർത്തിയുടെ മകനായ ഹെൻറിയു മായി വിവാഹനിശ്ചയം ചെയ്തു. എന്നാൽ ഹെൻറി ഓസ്ട്രിയൻ ഡ്യൂക്കിന്റെ മകളെ വിവാഹം ചെയ്തു. ആഗ്നസിന് ഇതിൽപരം സന്തോഷം വേറെ ഉണ്ടായിരുന്നില്ല. കാരണം അവൾ സ്വയം ദൈവത്തിന് സമർപ്പിച്ചവളും നിത്യകന്യാത്വം സ്വീകരിച്ച് താപസജീവിതം നയിക്കാനും വേണ്ടിയായിരുന്നു അവളുടെ ഹിതം, 1236ൽ ആഗ്നസ് പ്രേഗിൽ ഒരു മഠം സ്ഥാപിച്ചു. വിശുദ്ധ ക്ലാര അഞ്ച് സന്യാസിനികളെ അവിടെ നിയമിച്ചു. ആഗ്നസ് ആ മഠത്തിൽ പ്രവേശിച്ച് വ്രതവാഗ്ദാനം നടത്തി. അധികം വൈകാതെ അവിടെ മതശ്രേഷ്ഠയായി സാൻദമിയാനൊയിൽനിന്നും വിശുദ്ധ ക്ലാര അഞ്ചു സന്യാസിനികളെക്കൂടി ആഗ്നസിന്റെ സമൂഹത്തിലേക്ക് നിയമിച്ചു. ആഗ്നസിന്റെ ദൈവവിളിയുടെ സൗന്ദര്യത്തെ കുറിച്ചു മഠാധിപ എന്ന നിലയിലുള്ള പ്രവർത്തനത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചും വിശുദ്ധ ക്ലാര നാലു കത്തുകൾ എഴുതിയിട്ടുണ്ട്. ക്രിസ്തുവിന്റെ ആഴമേറിയ സ്നേഹാനുഭവത്തിന്റെ സൗക്ഷ്യപത്രങ്ങളാണ് ആ കത്തുകൾ. തന്നോട് ഇടപഴകിയ എല്ലാവർക്കും ആഗ്നസ് യഥാർത്ഥ ജീവന്റെ അനുഭവം നൽകി. അവളുടെ വിനയവും ദരിദ്രരോടുള്ള കരുതലും ദാരിദ്ര്യജീവിതത്തിനുള്ള സമർപ്പണവും പ്രശസ്തമാണ്. ചെക്ക് പ്രദേശങ്ങളിൽ സമാധാനം പുലരുന്നതിനായി അഹോയാത്രം പ്രവർത്തിച്ചു. ദരിദ്രർക്കായി ആശുപത്രികൾ സ്ഥാപിച്ചു. ദരിദ്രരേയും കുഷ്ഠരോകളെയും ശുശ്രൂഷിച്ചു. ആഗ്നസിന്റെ ജീവിതം ദൈവികപുണ്യങ്ങളുടെ വിളനിലമായിരുന്നു.

1282 മാർച്ച് 12ന് ആഗ്നസ് സ്വർഗ്ഗീയ സമ്മാനത്തിനായി വിളിക്കപ്പെട്ടു. 1982ൽ വിശുദ്ധ ജോൺ പോൾ മാർപാപ്പ ആഗ്നസിനെ വിശുദ്ധ പദവിലേക്ക് ഉയർത്തി.



# സംഘടനാ വാർത്തകൾ

## ആൻസ് ഡൈജസ്റ്റ് & ആൻസ് മീഡിയ

പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് ശ്രീ ഫ്രാൻസി ആന്റണി സ്വാഗതവും സെകട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും വായിച്ച് പാസ്സാക്കി. ആൻസ് മീഡിയ കൺവീനറായി ശ്രീ.ആമ്പേൽ ജോൺസനെയും തെരഞ്ഞെടുത്തു.

1. അവധിക്കാലത്ത് കുടികൾക്കും മുതിർന്നവർക്കും മാധ്യമ ശിൽപശാല സംഘടിപ്പിക്കാൻ തിരുമനമെടുത്തു.
2. ആൻസ് ഡൈജസ്റ്റ് കമ്മിറ്റിയുടെ ഡ്യൂട്ടികൾ വിഭജിച്ചു കൊടുക്കുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| പരസ്യം | : | ആന്റണി തെക്കേക്കര – 9567222291 |
| | | സാൻറ്റോ തോമാസ് – 9072345165 |
| പ്രിന്റിംഗ് | : | ഗോഡ്വിൻ കൊക്കൻ – 8589097102 |
| പ്രൂഫ് റീഡിംഗ് | : | ജോളി കുരിയാക്കോസ് – 7293103400 |
| പംക്തികൾ ശേഖരിക്കൽ | : | നോബിൾ പാട്രിക്ക് – 8907139955 |
| വിതരണം | : | അബി ബിജു – 9895776005, |
| | : | ബിജു ആലപ്പാട്ട് – 9895776005 |
| കവർ പേജ് ഡിസൈൻ | : | ആൻസ് മീഡിയ, |
| | : | ആബേൽ ജോൺസൻ – 9633143329 |
| ക്വിസ്സ് | : | അനിറ്റ് ജോസ് – 9400887792 |
| എഡിറ്റോറിയൽ | : | ബിജി. എം.ഡി 9947624137 |

3. നോമ്പുകാല ചിന്തകൾ (ഒരു മിനിറ്റിൽ ) മീഡിയയിൽ പ്രസ്ദീകരിക്കുവാൻ തിരുമാനിച്ചു.
4. എല്ലാ മാസവും ഒന്നാം തിയ്യതി ആൻസ് ഡൈജസ്റ്റ് പ്രസ്ദീകരിക്കാൻ തീരുമനിച്ചു.

എന്ന്
സെക്രട്ടറി




# സംഘടന മീറ്റിങ്ങുകളുടെ സമയക്രമം

| | |
|---|---|
| 1. കുടുംബകൂട്ടായ്മ കേന്ദ്രസമിതി | : ആദ്യത്തെ ഞായറാഴ്ച ആദ്യത്തെ കുർബാനയ്ക്കുശേഷം |
| 2. പ്രതിനിധിയോഗം | : രണ്ടാമത്തെ ഞായറാഴ്ച ആദ്യത്തെ കുർബാനയ്ക്കുശേഷം |
| 3. ദർശനസഭ | : ആദ്യത്തെ ഞായറാഴ്ച ആദ്യത്തെ കുർബാനയ്ക്കുശേഷം |
| 4. വിൻസന്റ് ഡി പോൾ | : ആദ്യത്തെ ഞായറാഴ്ച വൈകീട്ട് 7.30 ന് |
| 5. ഫ്രാൻസിസ്കൻ അല്മായസഭ | : മൂന്നാമത്തെ ശനിയാഴ്ച രാവിലെ വി.കുർബാനയ്ക്ക് ശേഷം |
| 6. സീനിയർ സി.എൽ.സി | : അവസാനത്തെ ശനിയാഴ്ച വൈകീട്ട് 8.00ന് |
| 7. മാതൃസംഘം | : രണ്ടാം ശനിയാഴ്ച വൈകീട്ട് 4.00 ന് |
| 8. ലീജിയൻ ഓഫ് മേരി (1) | : ബുധനാഴ്ച വൈകീട്ട് 5 ന് |
| 9. ലീജിയൻ ഓഫ് മേരി (2) | : വ്യാഴാഴ്ച വൈകീട്ട് 5 ന് |
| 10. യൂത്ത് സി.എൽ.സി | : രണ്ടാമത്തെ ഞായറാഴ്ച രണ്ടാമത്തെ കുർബാനയ്ക്കുശേഷം |
| 11. അൾത്താരസംഘം, ഗായകസംഘം | : ആദ്യത്തെ ഞായറാഴ്ച രണ്ടാമത്തെ കുർബാനയ്ക്കുശേഷം |
| 12. തിരുബാലസഖ്യം | : രണ്ടാമത്തെ ശനിയാഴ്ച വി.കുർബാനയ്ക്കുശേഷം |
| 13. ജൂനിയർ സി.എൽ.സി | : മൂന്നാമത്തെ ഞായറാഴ്ച രണ്ടാമത്തെ കുർബാനയ്ക്കുശേഷം |
| 14 കത്തോലിക്കാ കോൺഗ്രസ്സ് | : ആദ്യത്തെ ഞായറാഴ്ച വൈകീട്ട് 7.00 ന് |
| 15. പ്രാർത്ഥനാഗ്രൂപ്പ് | |
| പുരുഷന്മാർ | : ബുധനാഴ്ച വൈകീട്ട് 7.00 ന് |
| സ്ത്രീകൾ | : ശനിയാഴ്ച |
| 16. ബുള്ളറ്റിൻ & മീഡിയ | : രണ്ടാമത്തെ ശനിയാഴ്ച വൈകീട്ട് 7.30 ന് |
| 17. കെ.സി.വൈ.എം | : നാലാമത്തെ ഞായറാഴ്ച രണ്ടാമത്തെ കുർബാനയ്ക്ക് ശേഷം |
| 18. മതബോധനം | : നാലാമത്തെ ഞായറാഴ്ച രണ്ടാമത്തെ കുർബാനയ്ക്കുശേഷം |
| 19. സംഘടനാ ഏകോപനസമിതി | : മൂന്നാമത്തെ ഞായറാഴ്ച ഒന്നാമത്തെ കുർബാനയ്ക്കുശേഷം |

## ഓശാന ഞായർ – 29.03 2026

**06.30ന് നിർമ്മലാലയം കോൺവെന്റ്ഗ്രൗണ്ടിൽ നിന്ന് ഓശാനയുടെ തിരുകർമ്മങ്ങൾ ആരംഭിച്ച് പള്ളിയിൽ സമാപിക്കുന്നു.**



സിജി ബിജു

# വി. യൗസേഫ്



താതനാം മാർ യൗസേപ്പേ നൽമരണ മാദ്ധ്യസ്ഥാ...
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ...
കൂടെ നടന്നീടണെ
ഞങ്ങൾക്ക് കാവലായ് വാണീടണേ...
താതാ താതാ യേശുവിൻ താതാ...
താതാ താതാ യേശുവിൻ താതാ... (2)

താതനാം മാർ യൗസേപ്പേ നൽമരണ മദ്ധ്യസ്ഥാ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണെ കൂടെ നടന്നീടണേ
ഞങ്ങൾക്ക് കാവലായ് വാന്നീടണേ...
ഞങ്ങൾക്ക് കാവലായ് വാന്നീടണേ... (2)
താതാ താതാ യേശുവിൻ താതാ...
താതാ താതാ യേശുവിൻ താതാ... (2)

ധന്യരിൽ ധന്യനാം പുണ്യപിതാവേ
ശ്രീയേശു പാലകനെ
ദാവീദു വംശത്തിൽ ഭൂജാതനായൊരു
പുണ്യപിതാമഹനെ (2)
താതാ താതാ യേശുവിൻ താതാ...
താതാ താതാ യേശുവിൻ താതാ...

ദൈവമാതാവുതൻ പ്രിയമണവാളാ
വന്ദ്യനാം മാർ യൗസേപ്പേ
ദൈവകുമാരനെ പോറ്റിവളർത്തിയ
സർവ്വഗുണ സമ്പന്നാ.. (2)
യേശുവിൻ താതാ യേശുവിൻ താതാ...
യേശുവിൻ സ്നേഹ താതാ... (2)

പാരിനെ പാലിക്കും സ്വർഗ്ഗീയ മദ്ധ്യസ്ഥാ
നീതിതൻ നായകനെ
സത്യസഭയ്ക്കെന്നും കാവലായ് നിൽക്കുന്ന
പാവന മാനസനെ (2)
താതാ താതാ യേശുവിൻ താതാ...
താതാ താതാ യേശുവിൻ താതാ... (2)

ദൈവത്തിൻ പുത്രനാം സ്നേഹപിതാവേ
കുടുംബത്തിൻ പാലകനെ
രോഗികൾക്കെന്നും ആശ്വാസം നൽകുന്ന
പുണ്യപിതാമഹനെ (2)
യേശുവിൻ താതാ യേശുവിൻ താതാ
യേശുവിൻ സ്നേഹ താതാ... (2)

താതനാം മാർ യൗസേപ്പെ നൽമരണ മദ്ധ്യസ്ഥാ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണെ
കൂടെ നടന്നീടണെ
ഞങ്ങൾക്ക് കാവലായ് വാണീടണേ...
യേശുവിൻ താതാ യേശുവിൻ താതാ
യേശുവിൻ സ്നേഹ താതാ... (2)
താതാ താതാ യേശുവിൻ താതാ...
താതാ താതാ യേശുവിൻ താതാ... (2)



# പഴയനിയമപുസ്തകത്തിലെ ചില സ്ത്രീകഥാപാത്രങ്ങൾ

## ജസെബെൽ



ലീനാ ഫ്രാൻസീസ്

പഴയനിയമപുസ്തകത്തിലെ ഏറ്റവും നീച കഥാപാത്രമാണ് ജസെബെൽ.

1 രാജാക്കന്മാർ 16–ാം അധ്യായം അവസാനത്തിലാണ് ജസെബെൽ എന്ന കഥാപാത്രത്തെ നമ്മൾ കാണുന്നത്. യൂദാരാജാവായിരുന്ന ആഹാബിന്റെ ഭാര്യ - ആഹാബ് തന്റെ പൂർവ്വീകരേക്കാൾ കർത്താവിനെതിരെ തിന്മചെയ്തു. കൂടാതെ അവൻ സീദോൻ രാജാവായ എത്ബാലിന്റെ മകൾ ജസെബെലിനെ വിവാഹം ചെയ്യുകയും, ബാൽദേവനെ ആരാധിക്കുകയും ചെയ്തു. ബാലിന് ഒരു ബലിപീഠം നിർമ്മിച്ചു. അവൻ ഒരു അഷേരാപ്രതിഷ്ഠയും ഉണ്ടാക്കി. കർത്താവിനെതിരായ ഈ പ്രവർത്തികളെല്ലാം ജസെബെല്ലിന്റെ പ്രേരണയാലായിരുന്നു. മറ്റൊരിക്കൽ ജസെബെൽ കർത്താവിന്റെ പ്രവാചകന്മാരെ വധിച്ചു. ആഹാബിന്റെ കാര്യസ്ഥനായിരുന്ന ഒബാദിയയാണ് അപ്പോൾ 100 പ്രവാചകന്മാരെ രണ്ടിടത്തായി രണ്ടു ഗുഹകളിൽ ഒളിപ്പിച്ച് സംരക്ഷിച്ചത്.

ആഹാബിന്റെ ഇത്തരത്തിലുള്ള തിന്മപ്രവൃത്തികൾ കാരണം ഗിലയാദിലെ തിഷ്ബെയിൽ നിന്നുള്ള ഏലിയാപ്രവാചകൻ ആഹാബിനോടു പറഞ്ഞു: ഞാൻ സേവിക്കുന്ന ഇസ്രായേലിന്റെ ദൈവമായ കർത്താവാണേ വരുംകൊല്ലങ്ങളിൽ ഞാൻ പറഞ്ഞല്ലാതെ മഞ്ഞോ മഴയോ പെയ്യുകയില്ല. അന്നുമുതൽക്ക് 3 വർഷം ഭൂമിയിൽ മഴ പെയ്തില്ല. 3 വർഷം കഴിഞ്ഞപ്പോൾ കർത്താവ് ഏലിയായോട് പറഞ്ഞു: ഞാൻ ഭൂമിയിൽ മഴ പെയ്യിക്കും. ഇക്കാര്യം നീ ആഹാബിനോടു പോയി പറയുക.

ആഹാബാകട്ടെ തന്റെ കാര്യസ്ഥൻ ഒബാദിയായെ വിളിച്ച് ഭൂമിയിൽ വെള്ളമുള്ളതും പുല്ലുള്ളതുമായ സ്ഥലം കണ്ടുപിടിക്കാൻ പുറപ്പെടുകയായിരുന്നു. ഒബാദിയ ഒരു വശത്തേക്കും ആഹാബ് മറുവശത്തേക്കും യാത്രതിരിച്ചു. ആ യാത്രയിൽ ഒബാദിയ ഏലിയായെ കണ്ടുമുട്ടി. താൻ ആഹാബിനെ കാണുവാൻ പോകുന്നുവെന്നും ഏലിയ അറിയിച്ചു. തന്റെ നാട്ടിൽ പോയി മഴയില്ലാതാക്കി, ക്ഷാമം വരുത്തിവെച്ച ഏലിയായെ കണ്ടാൽ ആഹാബ് കൊന്നുകളയുമെന്ന് ഒബാദിയ പറഞ്ഞു. എങ്കിലും ഏലിയാ ആഹാബിന്റെ അടുത്തേക്ക് പോകുകതന്നെ ചെയ്തു.




ഏലിയായെ കണ്ടപ്പോൾ 'ഇസ്രായേലിനെ കഷ്ടപ്പെടുത്തുന്നവനല്ലേ നീ' എന്ന് ആഹാബ് ചോദിച്ചു. "ഞാനല്ല കർത്താവിന്റെ കല്പന ലംഘിച്ച, ബാൽദേവനെ സേവിക്കുന്ന നീയും നിന്റെ പിതാവിന്റെ ഭവനവുമാണ് ഇസ്രായേൽജനത്തെ കഷ്ടപ്പെടുത്തുന്നത്. നീ ഇസ്രായേൽ ജനത്തെ മുഴുവൻ കാർമ്മൽമലയിൽ എന്റെ അടുക്കൽ വിളിച്ചുകൂട്ടുക. ജസെബെൽ പോറ്റുന്ന ബാലിന്റെ 450 പ്രവാചകന്മാരേയും അഷേരായുടെ 400 പ്രവാചകന്മാരേയും കൂട്ടിക്കൊണ്ടുവരിക."

ആഹാബ് ഇസ്രായേൽ ജനത്തേയും പ്രവാചകന്മാരേയും കാർമ്മൽമലയിൽ ഒരുമിച്ചുകൂട്ടി. ഏലിയ രണ്ടുകൂട്ടർക്കും ബലിയർപ്പിക്കാൻ ഓരോ കാളകളെ ആവശ്യപ്പെട്ടു. രണ്ടു കാളകളുടേയും മാംസം വിറകിനു മുകളിൽ വച്ച് പ്രാർത്ഥിച്ച് ബാലാണോ കർത്താവാണോ ബലി സ്വീകരിക്കുക എന്നു നോക്കുക എന്ന് അറിയിച്ചു. അതുകേട്ട് ബാലിനുവേണ്ടി ബലിപീഠത്തിൽ വിറകുവച്ച് കാളയുടെ മാംസം അർപ്പിച്ച് പ്രവാചകന്മാർ പ്രാർത്ഥിക്കാൻ തുടങ്ങി. പ്രഭാതം മുതൽ മധ്യാഹ്നംവരെ പ്രാർത്ഥിച്ചിട്ടും ബാൽ ബലി സ്വീകരിച്ചില്ല. എന്നാൽ ഏലിയ 12 കല്ലുകൾ പെറുക്കിവെച്ച് ബലിപീഠമുണ്ടാക്കി. അതിനുമുകളിൽ കാളയുടെ മാംസം അർപ്പിച്ചു. കൂടാതെ ബലിപീഠവും ചുറ്റും നനഞ്ഞുകിടക്കുന്ന വിധം വെള്ളം ഒഴിച്ചു പ്രാർത്ഥിച്ചു. കർത്താവിൽ നിന്ന് അഗ്നിയിറങ്ങി അതെല്ലാം ദഹിപ്പിച്ചു. ഇസ്രായേൽജനം ആർത്തുവിളിച്ചു. "കർത്താവുതന്നെ ദൈവം". ഏലിയായുടെ വാക്കനുസരിച്ച് ഇസ്രായേൽ ജനം ബാലിന്റെ പ്രവാചകന്മാരെ പിടിച്ച് കിഷോൻ നദിക്കു സമീപം കൊണ്ടുപോയി വധിച്ചു.

ഈ സംഭവം ആഹാബ് ജസെബെല്ലിനോട് പറഞ്ഞു. അപ്പോൾ അവൾ ദൂതനെ അയച്ച് ഏലിയായോട് പറഞ്ഞു. "നാളെ ഈ നേരത്തിനു മുമ്പ് ഞാൻ നിന്റെ ജീവൻ ആ പ്രവാചകന്മാരിലൊരുവന്റേതുപോലെ ആക്കുന്നില്ലെങ്കിൽ ദേവന്മാർ അതും അതിലപ്പുറവും എന്നോടു ചെയ്യട്ടെ. ഏലിയാ ഇതുകേട്ട് പലായനം ചെയ്തു.

(തുടരും)


# FINEX
## Electricals & Sound

**Olarikkara, Thrissur Pin - 680 012**
**Phone : 0487 - 23621976, Res : 2366490, Mob : 9847867312**

**Sound Systems, Generators,**
**I KVA-125 KVA, Illumination, ETC.....**



# കുടുംബ കൂട്ടായ്മ വാർത്തകൾ

## 08.02.2026ലെ കേന്ദ്രസമിതി റിപ്പോർട്ട്

2026 ഫെബ്രുവരി 8 ഞായറാഴ്ച കാലത്ത് കുർബാനയ്ക്കുശേഷം ബഹു. വികാരി ഫാ. ജോർജ്ജ് എടക്കളത്തൂരിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ പ്രസിഡന്റ് ബാബു തോമസ് പുതിയ വികാരിയച്ചനും അസി. വികാരിയച്ചനും സ്വാഗതം ആശംസിച്ചു. തുടർന്ന് സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചു. തുടർന്ന് അധ്യക്ഷനായ വികാരിയച്ചൻ സംസാരിച്ചു. കുണ്ടുകുളം പിതാവിനെയും ചാലിശ്ശേരിയച്ചനേയും സൂചിപ്പിച്ചുകൊണ്ടും അവരോടൊത്തുള്ള പ്രവർത്തനം ഓർത്തുകൊണ്ടും സെന്റ് ആൻസ് ഇടവകയുമായുള്ള ബന്ധം അച്ചൻ തന്റെ അധ്യക്ഷ പ്രസംഗത്തിൽ സ്മരിച്ചു. ഇടവകയിലെ കേന്ദ്രസമിതി തുടർച്ചയായ പ്രവർത്തനങ്ങളാൽ ചലനാത്മമാണെന്നും അതിനാൽതന്നെ കുടുംബയൂണിറ്റുകളും അതോടൊപ്പം ഇടവകയും വളരുന്നത് കേന്ദ്രസമിതിയുടെ പ്രവർത്തനങ്ങളുടെ മികവിലാണെന്നും വികാരിയച്ചൻ പറഞ്ഞു.

രണ്ട് മാസത്തിലൊരിക്കൽ നടക്കുന്ന കുടുംബസമ്മേളനങ്ങളിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കണമെന്ന് അച്ചൻ ഓർമ്മപ്പെടുത്തി.

സംഘടനാ ഏകോപനസമിതിയിൽ കേന്ദ്രസമിതിയുടെ പങ്കാളിത്തം ഉറപ്പാക്കി ഒരു വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ സംഘടനകളുടെയും കേന്ദ്രസമിതിയുടേയും നേതൃത്വത്തിൽ ചാർട്ട് ചെയ്യുന്നതിനും പ്രസ്തുത പരിപാടികൾ ഇടവകയുടെ പൊതുവായ ഒരു സംരംഭമായി അവതരിപ്പിക്കുന്നതിനും അച്ചൻ നിർദ്ദേശിച്ചു.

അയ്യന്തോൾ സർവ്വീസ് സഹകരണ ബാങ്കിലുള്ള കേന്ദ്രസമിതിയുടെ അക്കൗണ്ട് ക്ലോസ് ചെയ്ത് ആ തുക നിലവിൽ ഇടപ്പാടുകൾ നടത്തുന്ന അക്കൗണ്ടിലേക്ക് ലയിപ്പിക്കാൻ തീരുമാനമായി.

കുടുംബസമ്മേളനങ്ങൾ നടക്കുന്ന വീടുകളുടെ വിവരങ്ങൾ ഒരാഴ്ച മുമ്പെങ്കിലും അറിയിക്കണമെന്ന് വികാരിയച്ചൻ നിർദ്ദേശിച്ചു.

ഡിസംബർ മാസത്തിൽ ഉണ്ണീശോയെ വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണ

ങ്ങൾക്ക് ഉപയോഗിച്ച കുടയുടെ വാടകയായ 200 രൂപ മാർച്ച് മാസത്തെ കേന്ദ്രസമിതി യോഗത്തിന് മുമ്പ് എല്ലാ യൂണിറ്റുകളും നൽകണമെന്ന നിർദ്ദേശത്തെ എല്ലാവരും അംഗീകരിച്ചു.

സൗജന്യ നേത്ര ചികിത്സാ ക്യാമ്പ് സംഘടിപ്പിക്കാമെന്ന നിർദ്ദേശത്തെ മുൻ അനുഭവങ്ങളുടെ വെളിച്ചത്തിൽ നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചു.

രണ്ട് വർഷത്തിൽ നടക്കുന്ന കലാ-സാഹിത്യ-കായിക മത്സരങ്ങൾ ഒക്ടോബർ മാസത്തിൽ നടത്തുവാൻ തീരുമാനമായി.

വലിയ നോമ്പിൽ വൈകുന്നേരം ആറ് മണിക്ക് ഒരു കുർബാന കൂടി ഉണ്ടായിരിക്കും. എല്ലാ ദിവസവും കുരിശിന്റെ വഴി കാലത്ത് കുർബാനയ്ക്കു മുമ്പ് പള്ളിയകത്തും വെള്ളിയാഴ്ചകളിൽ വൈകുന്നേരം ആറ് മണിക്കുള്ള കുർബാനയ്ക്കുശേഷം പള്ളിക്കുചുറ്റും ഉണ്ടായിരിക്കും.

മാസാദ്യ വെള്ളിയാഴ്ചകളിലുള്ള ആരാധനയുടെ സമയത്തിൽ മാറ്റം വരുത്തി. വൈകുന്നേരം 5.45ന് ആരാധനയും തുടർന്ന് 6.15ന് വി. കുർബാനയും തുടർന്ന് അന്നാപാഠയും പതിവുപോലെ പള്ളിക്കു ചുറ്റും കപ്പേളയിലുമായി നടത്തുവാൻ തീരുമാനിച്ചു.

സെക്രട്ടറി ജോഷ് പോൾ നന്ദി പറഞ്ഞു. വികാരിയച്ചന്റെ പ്രാർത്ഥനയോടെ 8.30ന് യോഗം അവസാനിച്ചു. യോഗത്തിൽ 49 അംഗങ്ങൾ പങ്കെടുത്തു.


# സൗജന്യ ഡയാലിസിസ്

സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി സെൻട്രൻ കൗൺസിലിന്റെ നേതൃത്വത്തിൽ തൃശൂരിലെ പ്രധാന ആശുപത്രികളിൽ ഡയാലിസിസ് മെഷിൻ സ്ഥാപിച്ചിരിക്കുന്നു. സെന്റ് ആൻസ് ഇടവകയിലെ അർഹതപ്പെട്ട അപേക്ഷകർക്ക് സൗജന്യ ഡയാലിസിസ് കൂപ്പണുകൾ സെന്റ് ആൻസ് കോൺഫ്രൻസിൽ നിന്ന് ലഭിക്കുന്നതാണ്. സൊസൈറ്റി അംഗങ്ങളെ ബന്ധപ്പെടുക.

സ്മിജോ സി.പി. (പ്രസിഡണ്ട്)
Mob : **9809859775,**

സാജുപോൾ (സെക്രട്ടറി)
Mob : **7034550055**

# സെന്റ് ഗോൺസാല കുടുംബകൂട്ടായ്മ വാർഷികം

വി.ഗൊൺസാല കുടുംബകൂട്ടായ്മയുടെ വിശുദ്ധന്റെ തിരുനാളും വാർഷികവും 15/2/2026 വൈകീട്ട് 7.00 മണിക്ക് തോലത്ത് റപ്പായിയുടെ ഭവനത്തിൽ വെച്ച് ചേരുകയുണ്ടായി. കുടുംബകൂട്ടായ്മ പ്രസിഡന്റ് ശ്രീ. പോളി അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വികാരിയച്ചൻ റവ.ഫാ. ജോർജ്ജ് എടക്കളത്തൂർ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ ഒരുവർഷത്തെ പ്രവർത്തനം വിലയിരുത്തുന്നത് മുന്നോട്ടുള്ള പ്രവർത്തനത്തിൽ പിഴവുകളില്ലാതെ ശക്തമായി ദൈവത്തിന്റെ ഇടപെടലുകളിലൂടെ കൂട്ടായ്മ ശക്തി പ്രാപിക്കാൻ ഇടയാക്കട്ടെ എന്ന് ഉദ്ഘാടനപ്രസംഗത്തിൽ ജോർജ്ജച്ചൻ ഓർമ്മിപ്പിച്ചു. എനിക്ക് വൈദിക ജീവിതത്തിൽ ശക്തമായി പ്രചോദനമേകിയ ബഹു. ചാലിശ്ശേരി ഇഗ്നേഷ്യസച്ചൻ തുടങ്ങിയ കുടുംബകൂട്ടായ്മയിൽ പങ്കെടുക്കാനും ഇവിടെ വികാരിയായി വരുവാനും സാധിച്ചത് സന്തോഷം നൽകുന്നതാണെന്നും ഓർമ്മിപ്പിച്ചു. സഹവികാരി ഫാ. മേജോ മുത്തുപീടിക അനുഗ്രഹപ്രഭാഷണം നടത്തി. കഴിഞ്ഞ ഒരു വർഷത്തെ വാർഷിക റിപ്പോർട്ട് സെക്രട്ടറി ഫ്രാൻസി ആന്റണി അവതരിപ്പിച്ചു.

കഴിഞ്ഞ മൂന്നുവർഷം ഭാരവാഹികളായിരുന്നവരെ യോഗം മെമന്റോ നൽകി ആദരിച്ചു. ഉന്നതവിജയം കരസ്ഥമാക്കിയ അലിൻ പയസ്സ് (MBBS), എൽസ ജോർജ്ജ് (Plustwo), സെബിൻ സോജു ചാലിശ്ശേരി (Full A+ 10) നവദമ്പതികളായ ആരോൺ അഗസ്റ്റിൻ & ഡെലീഷ ബാബു എന്നിവർക്ക് സ്വീകരണം നൽകി. കണക്ക് ട്രഷറർ ജോളി കുരിയാക്കോസ് അവതരിപ്പിച്ചു. ആനിമേറ്റർ സി. സാന്നിധ്യ (CMC) നടത്തുകൈക്കാരൻ ഫ്രാൻസിസ് പെരുമാട്ടിൽ, കുടുംബകൂട്ടായ്മ പ്രസിഡന്റ് ബാബു തോമസ് എന്നിവർ ആശംസകൾ നേർന്നു. കുടുംബകൂട്ടായ്മയിൽ മുടങ്ങാതെ വന്ന കുടുംബത്തിന് സമ്മാനങ്ങൾ നൽകി ആദരിച്ചു. അമ്മമാരുടേയും കുട്ടികളുടേയും നൃത്തങ്ങളും കലാപരിപാടികളും യോഗത്തിന് മാറ്റുകൂട്ടി. യോഗത്തിന് സിസിലി സി.ഡി. സ്വാഗതവും ശ്രീ. തോലത്ത് റപ്പായി നന്ദിയും രേഖപ്പെടുത്തി.



# നോവിന്റെ താരാട്ട്......



ബിജി എം. ഡി

ഈ കൈത്തലത്തിൽ താരാട്ടുപാടി
ഉറങ്ങുന്ന നേരത്തും പിടയുന്നു ഹൃദയം
വാത്സല്യ മുത്തേ ഓമനപ്പൈതലേ
വിടർന്നു പൊഴിക്കുന്നു നിൻ സുഗന്ധം
നിൻ സുഗന്ധത്തിൽ പൊയ്കയിൽ
ഉയരുന്നു പകയുടെ ഗന്ധവും
കരളിൽ മീട്ടുന്നു ശ്രുതിയുടെ താളത്തിൽ
പാടുന്നു വേദനയുടെ സംഗീതവും
ഈ കുഞ്ഞു കവിളിലെ ചോപ്പിൽ
പുകയുന്നു ലോകത്തിൻ നെടു വീർപ്പുകൾ
കുഞ്ഞു കൈകൾ കൂപ്പി ഉറങ്ങുന്ന നേരം
മനസ്സിൽ വിരിയുന്നു ക്രൂശിതരൂപം
അമ്മിഞ്ഞ പാലൂട്ടി വളർത്തുന്ന നേരത്ത്
പുകയുന്നു ലോകത്തിൽ എതിർപ്പുകൾ
പട്ടു പോലെയുള്ള കുഞ്ഞു പാദങ്ങൾ തഴുകവേ
അറിയുന്നു കല്ലും മുള്ളും നിറഞ്ഞ വഴികൾ
എങ്കിലും വളരുക മകനെ പൊന്നേ
സ്നേഹത്തിൻ വെളിച്ചമായി മാറുക
പിടയുന്നു ഈ അമ്മതൻ ഉൾത്തടം
എൻ മകന്റെ വിധിയോർത്ത്
എൻ വാത്സല്യപൂവേ ഓമനപ്പൈതലേ

യാത്രയാവുക നിൻ ജീവിത വഴികളിൽ
സ്നേഹത്തിൻ ജീവിത വഴികളിൽ
കണ്ണീർക്കണമായി ഈ അമ്മയും കൂടെ വരും
ലോകത്തിൻ ഭാരം ചുമക്കാൻ നിൻ തോളോ ?
പാപത്തിൻ കറ നീക്കാൻ നിൻ ചോരയോ?
ദൈവത്തിൻ നിശ്ചയം മറികടക്കാൻ കഴിയാതെ
അമ്മതൻ ഉൾത്തടം തേങ്ങുന്നു എൻ മകനായി
കൊഞ്ചി തലോടിയ  കൈകളും പാദവും
രക്തച്ചുവപ്പുകൊണ്ട് പൊട്ടുകുത്തിയപ്പോൾ
അമ്മത്തൻഹൃദയം പൊടിയുന്നു
ചെഞ്ചോരയാൽ വർണാഭമാക്കുന്നു
ഒത്തിരി യാത്രകൾ ഒത്തൊരുമിച്ചു പിന്നിട്ടും
ഒത്തിരി കാഴ്ചകൾ നാം ഒരുമിച്ചു പങ്കുവെച്ചുമീ
ഒത്തിരി ജീവിതങ്ങൾ പരസ്പരം കണ്ടുമുട്ടിയും
എങ്കിൽ ഇതാ കാൽവരിയാനം നീ നിന്റേതാക്കി മാറ്റിയല്ലോ
കാലിത്തൊഴുത്തിൽ പിറന്നുവീണ നേരം
മാലോകർ പ്രഭ കണ്ടതു. ഓർമ്മയില്ലേ കുഞ്ഞേ?
ഗാഗുൽത്തായിൽ വാടി കൊഴിഞ്ഞ നേരം
ലോകം ഇരുട്ടിലാണ്ടതു അറിഞ്ഞില്ലേ കുഞ്ഞേ?
ഈ അമ്മതൻ വാത്സല്യം മങ്ങില്ലാ ഒരിക്കലും
നിനക്കായി പകർന്നതാം താരാട്ടു പാട്ടുകൾ
നിലയ്ക്കില്ല ഒരിക്കലും
നിൻ സഹനത്തിൻ യാത്രയിൽ......



**ഉദ്ദിഷ്ടകാര്യം സാധിച്ചതിന്**
**ഉപകാരസ്മരണ**



**ഷീന**
സെന്റ്. ജോർജ്ജ് കുടുംബകൂട്ടായ്മ


# ദൈവം രക്ഷിക്കട്ടെ


## ഇയർബാലൻസ് വന്ന് നിങ്ങൾ കഷ്ടപ്പെടുന്നവരാണോ ?

എന്നാൽ നിങ്ങൾക്ക് ഇനി ആ പേടി വേണ്ട.
നിങ്ങൾക്ക് മരുന്ന് ഇല്ലാതെയും, വ്യായാമം ചെയ്യാതെയും,
ഏതു പഴകിയ ഇയർ ബാലൻസിന്റെ പ്രശ്നവും
വെറും നാല് ദിവസം കൊണ്ട് മാറ്റി തരുന്നതാണ്.

+91-9388646667

Address: Pooppady house p o pullazhi
thrissur 680012 kerala

Wedded on
08. 02. 2026



# Jithin

S/o. Mrs. Annit Jos &
Mr. Jose Manjaly
Manjaly (H), Chungam,
P.O. Ayyanthole, Thrissur

&



St. Antony's Unit

# Nessy

D/o. Mrs. Milly George &
Mr. George Pullanthany
Pullanthanickal (H),
Marangattupilly, Kottayam





# Club Orchid

Fantacy Nagar, Vadookkara Thrissur 68007

77 3615 7544, cluborchid2010@gmail.com





## Swimming Summer Camp 2026



# Swimming Summer Camp 2026

In a Standard Competitive Swimming Pool @

## Club Orchid

Fantasy Nagar, Thrissur-7 · 7736157544

Cluborchid2010@gmail.com

*Open to All*

**Children of all age groups and adults are admitted**

**Flexible timings**

Orchid Club - 77361 57544

Manoj Kumar - 81295 02719

From 1st April 2026




*"Learn to Swim" and get advanced swimming training in a standard swimming pool, under the able guidance of professionally qualified and well experienced Coaches.*

Programme and fees details

Contact Details : 7736157514

| President | Secretary (in charge) | Treasurer |
|---|---|---|
| C D Antos | Jayan thoppil | K L Stephen |
| 9744111757 | 9037771236 | 9961344744 |

Special
OFFER

BUY 1 GET 1 FREE

30% OFF

ഒരു ഫ്രെയിം
വാങ്ങിയാൽ
മറ്റൊരു
ഫ്രെയിം തികച്ചും
സൗജന്യം

മുതിർന്ന
പൗരന്മാർക്ക്
കണ്ണടകൾക്ക്
പ്രത്യേക 30%
ഡിസ്കൗണ്ട്

സൗജന്യ കാഴ്ച പരിശോധന
തിങ്കൾ to ശനി 9:00 AM to 8:00 PM

VISION HOUSE
OPTICALS

CHUNGAM - CIVIL LINES RD, AYYANTHOLE, THRISSUR
MOBILE : 7306725093

## പരീക്ഷ വിജയ പ്രാർത്ഥന










## സംയുക്ത തിരുനാൾ

2026 - ജനുവരി - 30, 31, ഫെബ്രുവരി - 1, 2,
ദിനങ്ങളിലൂടെ



## സംയുക്ത തിരുനാൾ
**2026 - ജനുവരി - 30, 31, ഫെബ്രുവരി - 1, 2,**
**ദിനങ്ങളിലൂടെ**









**ബഹു. റവ. ഫാ. ജോർജ്ജ് എടക്കളത്തൂർ വികാരിയായും**
**ബഹു. റവ. ഫാ. മേജോ മുത്തുപീടിക സഹവികാരിയായും**
**04.02.2026 ന് ചാർജ്ജെടുക്കുന്നു**






**പ്രൊഫ. ഡോ. മാണി പീറ്റർ**

Question Paper 17

## Part A

Write short note on
1. Kerala Bank
2. Archalogical Survey of India (ASI)
3. Indian Railway
4. Hinduism
5. KCBC

## Part B

ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

1. താഴെ പറയുന്നവയിൽ ഏതു നാട്ടുരാജ്യമാണ് കേരളസംസ്ഥാനത്തിന്റെ ഭാഗമായത്?

a) ചോളരാജ്യം b) മലബാർ c) കൊങ്കിണി d) ഇതൊന്നു അല്ല

2. UNO സംഘടനയ്ക്ക് എത്ര ഔദ്യോഗിക ഭാഷകൾ ഉണ്ട്?

a) 2 b) 3 c) 6 d) 18

3. കേരളത്തിൽ ഉള്ള ഒരു യുനെസ്കോ ഹെറിറ്റേജ് (UNESCO പൈതൃകം)?

a) ഒല്ലൂർ പള്ളി b) വടക്കുംനാഥൻ ക്ഷേത്രം c) ചേരമാൻ മസ്ജിദ്d) മാഹി പള്ളി

4. ആരാണ് Crypo കറൻസി രൂപപ്പെടുത്തിയത്?

a) Satoshi b) Byllyer c) RBI d) Nagar Das

5. അറബിക് ഭാഷയിൽ 'Season' എന്ന പദത്തിന് തുല്യമായ ഇന്ത്യൻപദം?

a) മൺസൂൺ b) കാലം c) കാലാവസ്ഥd) ഇതെല്ലാം

6. താഴെ പറയുന്നവയിൽ ഏതാണ് ഒരു ട്രാൻസ്പോർട്ട് സിസ്റ്റം?

a) Ola b) Cala c) Hello d) Keela

7. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 1 ആരംഭിക്കുന്നത് എങ്ങിനെ?

a) India shall be a Union...

b) Bharath shall be a Union...

c) India, that is Bharath shall be a Union...

d) We shall be a Union...

8. ഷേക്സ്പിയറിന്റെ ഏതു നാടകത്തിലെ പ്രസിദ്ധമായ വാചകമാണ് "to be or not to be"?

a) Hamlet b) Julius Ceaser c) Macbath d) Othello

9. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം തന്നപ്പോൾ ആരായിരുന്നു ബ്രിട്ടീഷ് പ്രധാനമന്ത്രി?

a) വിൻസന്റ് ചർച്ചിൽ b) ആറ്റ്ലി c) മൗണ്ട്ബാറ്റൺ d) റിപ്പോൺ

10. Coconut Island എന്നറിയപ്പെടുന്നത്

a) ലക്ഷദ്വീപ് b) മാലി c) വൈപ്പിൻ d) ബാലി

11. താഴെ പറയുന്നവയിൽ ഏതാണ് ഇന്ത്യയുടെ സാമ്പത്തിക ആസൂത്രണ വുമായി (Economic planning) ബന്ധപ്പെട്ടിരിക്കുന്നത്?

a) Round table conference b) Bombay Plan

c) Shimla Agreement d) UN Submit

12. ഏതു വർഷമാണ് ഇന്ത്യയിൽ Demonetisation (നോട്ട് നിരോധനം) നടപ്പിലാക്കിയത്?

a) 2015 b) 2016 c) 2017 d) 2014

13. ഇന്ത്യയിൽ Statue of Equality (സമത്വത്തിന്റെ പ്രതിമ) എവിടെ ആണ്?

a) മുംബൈ b) ദൽഹി c) ഹൈദരാബാദ് d) ചെന്നൈ

14. നോബൽ സമ്മാനം നിരസിച്ച ഒരു തത്ത്വചിന്തകൻ?

a) കാറൽമാർക്സ് b) പ്ലാറ്റോ c) ജീൻ പോൾ സാത്രെ d) സി.വി.രാമൻ

15. അമേരിക്കയിലെ 'ചിക്കാഗോ' നഗരത്തിൽ പ്രസംഗിച്ച് പ്രസിദ്ധനായ ഒരു ഇന്ത്യൻ ചിന്തകൻ a) മോത്തിലാൽ നെഹ്റു b) വിവേകാനന്ദൻ c) രംഗനാഥസ്വാമി d) ആനിബസന്റ്

16. യു.എസ്.എ.യിൽ എത്ര സംസ്ഥാനങ്ങൾ ഉണ്ട്?

a) 15 b) 50 c) 52 d) 38

17. ഓസ്കാർ അവാർഡ് ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

a) Sports b) Literature c) Film d) Medicine

18. ഹിന്ദു ദിനപത്രവുമായി ബന്ധപ്പെട്ട ഒരു വസ്തുത

a) മൗണ്ട് റോസ് b) ഹിന്ദുമതം c) ഹിന്ദിഭാഷ d) a & b

19. ഇതിൽ ആരാണ് ശാസ്ത്രജ്ഞ?

a) വിജയലക്ഷ്മി പണ്ഡിറ്റ് b) വിജയലക്ഷ്മി c) തോമസ് ടെസ്സി d) സരോ ജിനി നായിഡു

20. ഏതു വർഷത്തിൽ ആണ് ആകാശവാണി പ്രവർത്തനം ആരംഭിച്ചത്?

a) 1935 b) 1936 c) 1954 d) 1955

21. MNREGP യുടെ പുതിയ രൂപം?

a) VBGRAM b) VBRAM c) VBRAMG d) VBGRM

22. ഈ ദിവസങ്ങളിൽ അന്തരിച്ച ഒരു പരിസ്ഥിതി ശാസ്ത്രജ്ഞൻ?

a) മാധവ് ഗാഡ്ഗിൽ b) കസ്തൂരിരംഗൻ c) ഹനുമന്നറാവു d) കട്ടാർസിങ്ങ്
23. 1925ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം ഏതു രാജ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു?
a) യുഎസ്എ b) ഇറാൻ c) വെന്യുസുല d) റഷ്യ
24. ലോകത്തിലെ ഏറ്റവും പഴക്കമുള്ള നദി?
a) ഗംഗ b) നൈൽ c) ഫിങ്കി d) ആമസോൺ
25. ഈ ദിവസങ്ങളിൽ തൃശൂരിൽ സമാപിച്ച സ്കൂൾ കലോത്സവം എത്രാമത്തെ ആയിരുന്നു?
a) 64/66 b) 65/66 c) 66/66 d) 61/66

**Question Paper 16 Answers**
**Part A**

**1. Non Banking Financial Intermediation**

പരമ്പരാഗത ബാങ്കിങ്ങ് പ്രവർത്തനങ്ങളായ ഡെപ്പോസിറ്റ്, കടം കൊടുക്കൽ എന്നിവയിൽനിന്ന് വ്യത്യസ്തമായി മറ്റ് പണമിടപാടുകളിലൂടെ സമ്പത്ത് വ്യവസ്ഥയെ സഹായിക്കുകയാണ് ഇവർ ചെയ്യുന്നത്. ഇവരുടെ പ്രവർത്തനപരിപാടികൾ സ്വർണ്ണവായ്പ, വാഹനവായ്പ എന്നിവയാണ്. സാധാരണ ബാങ്കുകളുമായി താരതമ്യംചെയ്യുമ്പോൾ ഇവരുടെ നടപടിക്രമങ്ങൾ ലളിതമാണ്. അതുകൊണ്ട് പാവപ്പെട്ടവർക്ക് ഗുണകരമാണ്. എന്നാൽ ഇതുപോലെയുള്ള സ്ഥാപനങ്ങളുടെ പലിശനിരക്ക് വളരെ കൂടുതൽ ആണ്. വായ്പ മുടക്കം വരുത്തിയാൽ പിഴപലിശ വളരെ ഉയരുകയും തിരിച്ചടയ്ക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് എത്തുകയും ചെയ്യുന്നു. കേരളത്തിലും മറ്റു സംസ്ഥാനങ്ങളിലും ധാരാളം NBFI പ്രവർത്തിക്കുന്നു. ഇവരുടെ മുകളിൽ പരിമിതമായ തോതിൽ ആർ.ബി.ഐ നിയന്ത്രണം ഉണ്ട്.

**2. University Grants Commission (UGC)**

1953ൽ സ്ഥാപിക്കപ്പെടുകയും 1956 മുതൽ ഇന്ത്യാഗവൺമെന്റിന്റെ ഒരു ഘടകം ആകുകയും ചെയ്തു. ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസ രംഗം നിയന്ത്രിക്കുക, ഗുണനിലവാരം ഉറപ്പുവരുത്തുക, ധനസഹായം ലഭ്യമാക്കുക എന്നിവയെല്ലാം ആണ് ലക്ഷ്യങ്ങൾ. കഴിഞ്ഞ കുറെ വർഷങ്ങളിലെ പ്രവർത്തനം വിലയിരുത്തിയാൽ യു.ജി.സി ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസരംഗത്ത് സമൂലമായ പരിവർത്തനം കൊണ്ടുവന്നു എന്ന് കാണാം. ഈ മാറ്റങ്ങൾ വന്നത് പഠനരീതികൾ, ഗവേഷണം, സാമൂഹ്യസമ്പർക്കം (teaching, research, exhibition) എന്നിവയിൽ ആണ്. ഈ 3 ആവശ്യങ്ങൾക്കായി കഴിഞ്ഞ വർഷങ്ങളിൽ കോടികൾ ചെലവു ചെയ്യുകയുണ്ടായി. എന്നാൽ യു.ജി.സി ഫലപ്രദമായ പ്രവർത്തനം കാഴ്ചവെച്ചുവോ എന്ന് സംശയിക്കുന്നവരും ഉണ്ട്.

യു.ജി.സിയുടെ പ്രവർത്തനങ്ങളിൽ സമഗ്രമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നു.

### 3. Council of Scientific and Industrial Research (CSIR)

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് നിലവിൽ വന്ന സ്ഥാപനമാണ് CSIR. 1942ൽ ആണ് ഇതിന്റെ സ്ഥാപനം. രാമസ്വാമി മുതലിയാർ, സ്വരൂപ് ഭട്നാഗർ എന്നിവരാണ് ഇതിന്റെ സ്ഥാപകർ. പിന്നീട് ഇത് ഒരു ഗവൺമെന്റ് സ്ഥാപനമായി മാറി. ഒരു രാജ്യത്തിന്റെ പുരോഗതിക്ക് ഏറ്റവും പ്രധാനമാണല്ലോ വ്യവസായവികസനം. ശാസ്ത്രവും വ്യവസായവും സംയോജിപ്പിച്ചുകൊണ്ട്, നൂതനങ്ങളായ ആശയങ്ങൾ കണ്ടുപിടിച്ച് ശാസ്ത്രത്തിൽ ഊന്നി രാജ്യപുരോഗതിക്ക് ഉപയോഗയോഗ്യമാക്കുക എന്നതാണ് CSIR ന്റെ പ്രധാന ധർമം. ഗവേഷണത്തിനുവേണ്ടി രാജ്യവ്യാപകമായി ധാരാളം പരീക്ഷണശാലകൾ ഉണ്ട്.

### 4. All India Institute of Medical Sciences (AIIMS)

രാഷ്ട്രപുരോഗതിയിൽ ആരോഗ്യം നിലനിർത്തേണ്ടതിന്റെ ആവശ്യം മനസിലാക്കി 1956ൽ ദൽഹി ആരംഭിച്ച സ്ഥാപനം ആണ് അകകണ്ട. ഈ സ്ഥാപനം ഇപ്പോൾ ലോകപ്രസിദ്ധമാണ്. ദൽഹിക്കുപുറമെ ഏകദേശം 26 AIIMS ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. കേരളത്തിൽ ഇപ്പോൾ ഇല്ല. എന്നാൽ ഒരു AIIMS നുവേണ്ടി നാം മുറവിളി കൂട്ടുന്നു. സമീപഭാവിയിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഏറ്റവും ആധുനികവും ഫലപ്രദവും ആയ ചികിത്സ വളരെ ചെറിയ ചിലവിൽ ഇവിടെ ലഭിക്കുന്നു. മിടുമിടുക്കരായ വിദ്യാർത്ഥികൾക്കാണ് AIIMS Medical College ൽ പ്രവേശനം ലഭിക്കുന്നത്. ഇന്ത്യയുടെ വൈദ്യശാസ്ത്ര രംഗത്തെ പഠനത്തിലും ഗവേഷണത്തിലും പൊതുസമ്പർക്കത്തിലും AIIMS ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ അനേകവും നിസ്തുലവും ആണ്.

### 5. Enforcement Directorate (ED)

1956 ൽ സ്ഥാപിതമായ ED ഇന്ത്യയിൽ സാമ്പത്തിക കുറ്റങ്ങൾ കണ്ടുപിടിക്കുന്നതിലും തുടർനടപടികൾ കൈകൊള്ളുന്നതിലും പ്രധാന സ്ഥാപനമാണ്. കേന്ദ്രസർക്കാരിന്റെ ധനവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. Preven-tion of Money Laundering Act (PMLA), Foreign Exchange Management Act (FEMA) Fugitive Economic Offenders Act (FEOA) എന്നിവയുമായി ബന്ധപ്പെട്ടു വരുന്ന കുറ്റങ്ങൾ ആണ് പ്രധാനമായി കൈകാര്യം ചെയ്യുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി സാമ്പത്തിക കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിൽ ഇ.ഡി വളരെ നിർണായക പങ്ക് വഹിക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങളിൽ ഇ.ഡി ധാരാളം സാമ്പത്തിക തിരിമറികൾ കേരളത്തിൽ കണ്ടുപിടിക്കുക

യുണ്ടായല്ലോ. ഉദാ. കേരളത്തിലെ സഹകരണമേഖലയിലെ സാമ്പത്തിക തിരിമറികൾ.

## PART B

1. 1969 2) 1920 3) വൈദ്യം 4) ജനീവ 5) ഡിജിൽ പണം 6) സാമ്പത്തികം 7) James Gosling 8) ഗിർ 9) എംബോള 10) ജാനകി അമ്മാൾ 11) UNICEF 12) നരസിംഹറാവു 13) വി.വി. ഗിരി 14) 1773 15) രാജസ്ഥാൻ 16) വോൾവോ 17) ടെസി തോമസ് 18) Passenger Name Record 19) ഹുസൈൻ 20) കോളനികൾ 21) വന്ദേമാതരം 22) MNRE 23) 2029 24) Surya Kant 25. NEP

---

## കുടുംബ കൂട്ടായ്മ സമ്മേളനങ്ങളുടെ പുതിയ സമയക്രമം

| ഒന്നാം മാസം (ജനുവരി, മാർച്ച്, മെയ്, ജൂലായ്, സെപ്തംബർ, നവംബർ) | | |
|---|---|---|
| ഒന്നാം ഞായർ | 3.00 pm | സെന്റ് എവുപ്രാസ്യ |
| | 4.00 pm | സെന്റ് ഇഗ്നേഷ്യസ് |
| രണ്ടാം ഞായർ | 3.00 pm | സെന്റ് ജോസഫ് |
| | 4.00 pm | സെന്റ് മേരീസ് |
| മൂന്നാം ഞായർ | 3.00 pm | സെന്റ് മാർട്ടിൻ |
| | 4.00 pm | സെന്റ് സെബാസ്റ്റ്യൻ |
| നാലാം ഞായർ | 3.00 pm | സെന്റ് മദർ തെരേസ |
| | 4.00 pm | സെന്റ് ആന്റണി |

## നോമ്പുകാല വാർഷിക ധ്യാനം

**2026 – മാർച്ച് 26, 27, 28 (വ്യാഴം, വെള്ളി, ശനി)**

**സമയം: 5.30 വി. കുർബാന തുടർന്ന് ധ്യാനചിന്തകൾ വൈകീട്ട് 9 മണി വരെ.**





# Calling Retired High Profile Employees!

## Join AXIS BANK Max Life for a Rewarding New Career!

MAX LIFE
ABSLI ONE GROUP

- Lucrative Part-Time / Full-Time / Flexi-Time Options
- Attractive Income Potential
- Work with Two Trusted & Reputed Financial Brands
- Flexible Work Hours & Freedom to Stay Active

**Contact Today:**

+91 85471 42283
+91 98460 45283

# 2025 ഡിസംബർ കുടുംബക്ഷേമനിധി പിരിവ്

| No. | Unit | No. of Families | No. of Families Contributed | Total Amount | Unit | Church% | % of w.r.t. total No. of Families | |
|---|---|---|---|---|---|---|---|---|
| 1. | സെന്റ് മദർ തെരേസ | 29 | 25 | 1890 | 756 | 1134 | 65.17 | |
| 2. | സെന്റ് മാർട്ടിൻ | | | | | | | |
| 3. | സെന്റ് ആന്റണി | 38 | 34 | 7445 | 2978 | 4467 | 195.92 | |
| 4. | സെന്റ് മേരി | | | | | | | |
| 5. | സെന്റ് ഗോൺസാല | 35 | 30 | 4230 | 1692 | 2538 | 120.85 | |
| 6. | സെന്റ് ഇഗ്നേഷ്യസ് | | | | | | | |
| 7. | സെന്റ് എവുപ്രാസ്യ | 20 | 7 | 2500 | 1000 | 1500 | 125.00 | |
| 8. | സെന്റ് അൽഫോൻസ | 31 | 21 | 1750 | 700 | 1050 | 56.45 | |
| 9. | സെന്റ് ജോസഫ് | 27 | 26 | 1560 | 624 | 936 | 577.77 | |
| 10. | സെന്റ് ആൻസ് | 20 | 15 | 4220 | 1688 | 2532 | 211.00 | |
| 11. | സെന്റ് സേവിയർ | | | | | | | |
| 12. | സെന്റ് സെബാസ്റ്റ്യൻ | 20 | 17 | 2450 | 980 | 1470 | 122.50 | |
| 13. | സെന്റ് പയസ് | 43 | 18 | 2500 | 1000 | 1500 | 58.13 | |
| 14. | സെന്റ് ജോർജ് | 35 | 30 | 1500 | 600 | 900 | 42.85 | |
| 15. | സെന്റ് തോമസ് | 47 | 27 | 3780 | 1512 | 2268 | 80.42 | |

# ഇംഗ്ലീഷ് - മംഗ്ലീഷ്



**ബാബു കുരിയൻ തേറാട്ടിൽ**
റിട്ട. ഡെപ്യൂട്ടി ജനറൽ മാനേജർ
കനറാ ബാങ്ക്

ചെറുപ്പകാലങ്ങളിലും മറ്റും വിദ്യാലയങ്ങളിലൂടെ നാം പഠിക്കുന്ന പല പാഠങ്ങളും ഭാവി ജീവിതത്തിൽ എങ്ങനെ ഉപകാരപ്പെടുന്നു എന്ന് ചിന്തിച്ചിട്ടുണ്ടോ?

ഉദാഹരണത്തിന് സാധാരണ സ്കൂളുകളിൽ ആണെങ്കിലും കുട്ടികൾ ചെറിയ ക്ലാസ്സു മുതൽ പഠിക്കുന്ന ഭാഷയാണല്ലോ ഇംഗ്ലീഷ്. പക്ഷെ ഇംഗ്ലീഷിൽ നല്ല മാർക്കുവാങ്ങിയ പല കുട്ടികൾക്കും നിത്യജീവിതത്തിൽ അതിന്റെ ഉപയോഗം വേണ്ടവിധം സാധിക്കാതെ വരാറുണ്ട്. പ്രത്യേകിച്ചും ഇംഗ്ലീഷ് സംസാരിക്കാനും എഴുതുവാനുമുള്ള ബുദ്ധിമുട്ട്.

മാത്രവുമല്ല, ഭാഷാപ്രയോഗം ശരിയായ രീതിയിലല്ലെങ്കിൽ ഉദ്ദേശിച്ച അർത്ഥംതന്നെ മാറിപ്പോകാനിടയുണ്ട്. അത്തരം ചില അനുഭവങ്ങളാണ് ഇവിടെ പറയുന്നത്.

ബാങ്കിന്റെ തിരുവനന്തപുരം സർക്കിൾ ഓഫീസിൽ കുറച്ചുകാലം ജോലി ചെയ്യാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. സ്റ്റാഫ് ഡിപാർട്ട്മെന്റിൽ ആയിരുന്നു അത്. ജോലിക്കാരുടെ ലീവ് സംബന്ധമായ കാര്യങ്ങൾ ഞാനാണ് നോക്കിയിരുന്നത്.

വയനാട്ടിലെ ഒരു ബ്രാഞ്ചിലുണ്ടായിരുന്ന ഒരു ജോലിക്കാരന്റെ ലീവ് അപേക്ഷ ഇടയ്ക്കിടക്ക് വരുമായിരുന്നു. മദ്യസേവ നിർലോഭം ചെയ്യുന്ന ഒരു ദേഹമായിരുന്നു അയാൾ. അതുമൂലം ധാരാളം ആരോഗ്യപ്രശ്നങ്ങളും അദ്ദേഹത്തിന് ഉണ്ടായിരുന്നു.

ഒരിക്കൽ കുറച്ചു ദിവസത്ത സിക്ക് ലീവ് കഴിഞ്ഞ് വീണ്ടും ജോലിക്ക് ഹാജരാകാൻ അദ്ദേഹം അയച്ച അപേക്ഷ കിട്ടി. ഡോക്ടറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൃത്യമായി കൂടെ അയച്ചിരുന്നു.

പക്ഷെ അതിൽ അദ്ദേഹത്തിന്റെ ഡോക്ടർ എഴുതിയിരുന്നത് ഇപ്രകാരമായിരുന്നു: ...

"Mr.......was sick and under my treatment for one week. Kindly permit him

for rejoining as he is 'FULL  FIT ' now".

അസുഖം മാറിയെങ്കിലും ജോലിക്കാരൻ ഇപ്പോഴും 'ഫുൾ ഫിറ്റ് ' ആണെന്ന് ഡോക്ടർ എഴുതിയത് വളരെ ശരിവയ്ക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ പിന്നീട്ടുള്ള ജീവിതവും!

സ്റ്റാഫ് ഡിപാർട്ട്മെന്റിൽ ട്രെയിനിങ് പോർട്ട്ഫോളിയൊ കൈകാര്യം ചെയ്യുമ്പോൾ ഉണ്ടായ ഒരു സംഭവം പറയാം.

സാധാരണയായി ഹെഡ് ഓഫീസിൽ നിന്നു ലഭിക്കുന്ന കലണ്ടർ പ്രകാരമായിരിക്കും വിവിധ ട്രെയിനിങ്ങുകൾ നടത്തുക. അതിനു ഓരോ ബ്രാഞ്ചിൽനിന്നും അനുയോജ്യരായ ജീവനക്കാരെ കണ്ടെത്തി അവരുടെ പേരുവിവരങ്ങൾ സെക്ഷൻ മേൽനോട്ടം വഹിക്കുന്ന എക്സികുട്ടീവിനെ ഓഫീസ്നോട്ടുവെച്ച് അറിയിക്കും. അതുപോലെ ഏതെങ്കിലും ജീവനക്കാർക്ക് ട്രെയിനിങ്ങിന് പങ്കെടുക്കുവാൻ സാധിക്കില്ലെങ്കിൽ അവരുടെ അപേക്ഷയും എക്സികുട്ടീവ് ഓഫീസർ കണ്ട് യുക്തമായ ഓർഡർ എഴുതും.

ഒരിക്കൽ വടക്കൻ കേരളത്തിലെ ഒരു ബ്രാഞ്ചിലെ ഒരു ലേഡിക്ലർക്കിനെ ഇതുപോലെ ട്രെയിനിങ്ങിന് പോസ്റ്റ് ചെയ്തു. പക്ഷെ വിവാഹനിശ്ചയം കഴിഞ്ഞിരുന്ന ആ ക്ലർക്കിന്റെ വിവാഹം അടുത്ത ദിവസം തന്നെ നടത്തണമായിരുന്നു. അതിനിടയിൽ ഈ ട്രെയിനിങ്ങ് അവർക്ക് ബുദ്ധിമുട്ടുണ്ടാക്കി. ഉടനെ അവർ ഇപ്രകാരം ഒരു അപേക്ഷ അയച്ചു തന്നു:...

Dear Sir,

I am very much thankful for posting me for the training. But " Unfortunatly " my marriage is fixed for the immediate next week of the training. Hence I humbly request to cancel my above mentioned " Pre-Marriage training " and oblige.

ഈ അപേക്ഷയും സെക്ഷന്റെ ക്യാൻസ്ലേക്ഷൻ ശിപാർശയും ചേർത്ത് അന്നത്തെ എക്സിക്യൂട്ടീവിന് ഓഫീസ്നോട്ട് സമർപ്പിച്ചു.

അതിന്റെ ഉത്തരവിൽ എക്സികുട്ടീവ് ഇപ്രകാരം എഴുതി: ....

As the request of the employee is genuine, it is permitted to cancel her "Pre-Marriage training" and depute her for a "Post-Marriage training" !

ഭാഷ കൈകാര്യം ചെയ്യുമ്പോൾ, അതായത് സംസാരത്തിലും എഴുത്തിലും ശ്രദ്ധയോടെ ചെയ്തില്ലെങ്കിൽ ഉദ്ദേശിച്ച അർത്ഥം ലഭിക്കണമെന്നില്ല. മാത്രവുമല്ല, വിപരീതമോ മറ്റെന്തെങ്കിലുമോ അർത്ഥം തോന്നിപ്പിക്കാനും സാദ്ധ്യതയുണ്ട്.

## പ്രതിനിധിയോഗ തീരുമാനങ്ങൾ

1. CSB ബാങ്കിൽ ഉള്ള പള്ളിയുടെ എക്കൗണ്ടുകൾ ക്ലോസ് ചെയ്യണമെന്ന മുൻതീരുമാനം നടപ്പാക്കണമെന്ന് ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചു.
2. സിമിത്തേരിയിലെ സെല്ലിന്റെ മുൻ തീരുമാനം കൈക്കാരനമാർ നാല്പേർ ചേർന്ന് നടപ്പാക്കേണ്ടതാണെന്ന് തീരുമാനിച്ചു.
3. ഇടവകയുടെ വാട്സ്ആപ്പ് എക്കൗണ്ട് വികാരിയച്ചനും കൊച്ചച്ചനും നേതൃത്വം നൽകണമെന്നും മീഡിയ കമ്മറ്റിക്ക് ഒരു കൺവീനറെ തിരഞ്ഞെടുക്കുവാനും തീരുമാനിച്ചു.
4. ഭക്തസംഘടന ഏകോപനസമിതി ചേർന്ന് ഒരു വർഷത്തേക്കുള്ള കർമ്മ പരിപാടിയും മീറ്റിംഗുകളുടെ സമയക്രമം രൂപീകരിക്കാനും തീരുമാനിച്ചു.
5. പാരിഷ്ഹാൾ പ്രവർത്തനങ്ങൾക്ക് മേൽനോട്ടത്തിനും പ്രവർത്തനത്തിനുമായി പാരിഷ്ഹാൾ കമ്മറ്റിയെ തിരഞ്ഞെടുത്തു.

   ബഹു. അച്ചന്മാരും കൈക്കാരന്മാർക്കും പുറമേ. ഫ്രാൻസീസ് ചെമ്മണ്ണൂർ, വിൻസെന്റ് കളത്തിങ്കൽ, പോൾസൺ കുന്നംകുടത്ത്, ലിറോയ് പോൾ, മല്ലിക ബേബി പറമ്പൻ

7. ബഹു. ഡാനിയേൽ പൂവണ്ണത്തിൽ, ഏൽറൂഹാ ധ്യാനകേന്ദ്രം ഡയറക്ടർ എന്നിവരെ സമീപിച്ച് ഊട്ടുതിരുനാൾ ധ്യാനം നടത്തുവാൻ സാധിക്കുമോ എന്ന് അന്വേഷിക്കാൻ തീരുമാനിച്ചു.
8. നോമ്പുകാല പരിത്യാഗത്തിലൂടെ ലഭിക്കുന്ന തുക വീട് വെഞ്ചിരിപ്പിന്റെ സമയത്ത് എടുക്കുവാനും ആ തുക കാരുണ്യപ്രവർത്തനത്തിനായി ഇടവകയിൽ ചിലവഴിക്കുവാനും തീരുമാനിച്ചു.
9. ഓശാന ഞായറാഴ്ച തിരുകർമ്മങ്ങൾ നിർമ്മലാലയത്തിൽനിന്ന് പതിവുപോലെ ആരംഭിക്കുന്നു. വാർഷികധ്യാനം വൈകീട്ട് 5.30 ദിവ്യബലിയോടെ ആരംഭിച്ച് 9.00 മണി വരെ നടത്തുവാൻ തീരുമാനിച്ചു. കാൽകഴുകൽ ശുശ്രൂഷയ്ക്ക് 60 വയസ്സിന് മുകളിൽ പ്രായമായവരെ 15 കുടുംബകൂട്ടായ്മയിൽനിന്ന് നൽകേണ്ടതും അതിൽനിന്ന് 12 പേരെ തിരഞ്ഞെടുക്കുവാനും തീരുമാനിച്ചു. നഗരികാണിക്കൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകേണ്ടത് കുടുംബകൂട്ടായ്മ കേന്ദ്രസമിതിയാണെന്ന് തീരുമാനിച്ചു.

ഈസ്റ്റർ ദിനത്തിൽ ഈസ്റ്റർ എഗ്ഗ് നൽകുവാനും അതിന് Senior CLC സംഘടനയെ ചുമതലപ്പെടുത്തി. KCYM, CLC സംഘടനകളുടെ നേതൃത്വത്തിൽ ഉയിർപ്പ് നഗരികാണിക്കൽ ടാബ്ലോ നടത്തുവാൻ ചുമതലപ്പെടുത്തി.

പാലയൂർ തീർത്ഥാടനം ടാബ്ലോ KCYM, CLC സംഘടനകളുടെ നേതൃത്വത്തിലും തീർത്ഥാടകർക്ക് വെള്ളം നൽകുവാൻ കുടുംബകൂട്ടായ്മ കേന്ദ്രസമിതിയേയും യോഗം ചുമതലപ്പെടുത്തി.

വൈദികമന്ദിരത്തിന്റെ നിർമ്മാണത്തെക്കുറിച്ച് ബഹു. വികാരിയച്ചൻ തന്റെ കാഴ്ചപ്പാടും അവസ്ഥയും വിശദീകരിച്ചു. വൈദികമന്ദിരത്തിന്റെ കൺസ്ട്രക്ഷൻ കമ്മറ്റിയായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു. ബഹു. വൈദീകർ, കൈക്കാരന്മാർ, ബാബു തോമസ്, പോളി അഗസ്റ്റിൻ, ജോയ് ചക്കാലയ്ക്കൽ, പീറ്റർ ചിറയത്ത്, പോൾസൻ കുന്നംകുടത്ത് കുരിയാക്കോസ് അവണൂക്കാരൻ നോമിനേറ്റഡ്, ജെൽസൻ കൊക്കൻ നോമിനേറ്റഡ് എന്നിവരെ ഉൾകൊള്ളിച്ച് കമ്മറ്റി രൂപീകരിച്ചു.

ക്രിസ്തുമസ്സ് ക്രിബ്ബ് നിർമ്മാണത്തിന്റെ കണക്ക് ബഹു. വികാരിയച്ചനും കൈക്കാരന്മാരും നോക്കി തുക അനുവദിക്കുമെന്ന് തീരുമാനിച്ചു.

CMC സന്യാസ സമൂഹത്തിന്റെ ഉടുപ്പുമാറ്റം എപ്രിൽ 24ന് പകരം ഏപ്രിൽ 21ന് നമ്മുടെ ഇടവകയിൽ വെച്ച് നടത്തുന്നതാണെന്ന് യോഗത്തെ അറിയിച്ചു.

ഇടവകയിലെ യുവജനങ്ങൾക്ക് പള്ളിഗ്രൗണ്ടിൽ കളിക്കാൻ രാത്രി 10 മണി വരെ സമയം അനുവദിക്കാൻ യോഗം തീരുമാനിച്ചു. അതിന്റെ നേതൃത്വം ഏബൽ ജോൺസിന് നൽകുവാനും തീരുമാനിച്ചു.

## ലീജിയൻ ഓഫ് മേരി
## രക്തസാക്ഷികളുടെ രാജ്ഞി പ്രസിദീയം റിപ്പോർട്ട്

18.02.26ന് ഉച്ചതിരിഞ്ഞ് 5 മണിക്ക് രക്തസാക്ഷികളുടെ രാജ്ഞി L.O.M യുടെ യോഗം കൂടുകയുണ്ടായി. പുതിയതായി വന്നുചേർന്ന വികാരി റവ.ഫാ. ജോർജ്ജ് എടകുളത്തൂർ അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റ് വികാരിയച്ചന് സ്വാഗതം പറഞ്ഞു. ബ്ര. ജോൺസൺ പഞ്ഞിക്കാരൻ അച്ചന് പൂച്ചെണ്ട് നൽകി. സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും യോഗത്തിൽ വായിച്ചു പാസ്സാക്കി. സി. നിർമ്മല ജ്ഞാന വായന നിർവ്വഹിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ അച്ചൻ നോമ്പുകാലത്തെ പറ്റി അംഗങ്ങൾക്ക് പറഞ്ഞു മനസ്സിലാക്കി തന്നു. പ്രമോട്ടർ സിസ്റ്റർ സന്നിഹിതയായിരുന്നു. 6 മണിക്കു യോഗം സമംഗളം അവസാനിച്ചു.

**പുതിയ ഭാരവാഹികൾ**

1. പ്രസിഡന്റ് : സി. മല്ലിക ബേബി പറമ്പൻ
2. വൈ. പ്രസിഡന്റ് : സി. പ്രീതി ടൈനി
3. സെക്രട്ടറി : സി. അനിറ്റ് ജോസ്
4. ജോ. സെക്രട്ടറി : സി. ഗീത റാഫി
5. ട്രഷറർ : സി. സോഫി ജോയ്

വസ്ത്രങ്ങൾക്കും
റെഡിമെയ്ഡ് ഡ്രസുകൾക്കും



# സുവർണ്ണ

മുൻസിപ്പൽ ഷോപ്പിംഗ് സെന്റർ
പടിഞ്ഞാറെ കോട്ട, തൃശ്ശൂർ

Ph : 2381588, Mob : 9895086914





നിങ്ങളുടെ സ്വപ്നങ്ങൾ
'സുവർണ്ണയിൽ'ക്കൂടി
യാഥാർത്ഥ്യമാക്കൂ.

BIBLE QUIZ

Quiz Digest

# Season III Seniors Quiz - 11

## 2 സാമുവൽ 11 – 15 ഉൾപ്പടെ അദ്ധ്യായങ്ങൾ
## കത്തോലിക്കസഭ, ആൻസ് ഡൈജസ്റ്റ് – ഫെബ്രുവരി



ക്വിസ് മാസ്റ്റർ
**ജോളി കുരിയാക്കോസ്**

1. ദൈവനിർദ്ദേശമനുസരിച്ച് ദാവീദിന്റെ കുഞ്ഞിന് നാഥാൻ നൽകിയ പേര് എന്തായിരുന്നു?
2. ലോകത്തിന്റെ ഇളയ തമ്പുരാൻ ആര്?
3. വത്തിക്കാൻ സൂനഹദോസ് കുടുംബത്തിന് നൽകിയ പേരെന്ത്?
4. പുരോഹിതനായ സാദോക്കിന്റെ മകൻ ആര്?
5. അബ്സലോമിന്റെ സഹോദരി ആരായിരുന്നു?
6. "മറ്റുള്ളവർക്ക് സ്വയം സമർപ്പിക്കൽ" എന്നത് എന്താണെന്നാണ് ക്രിസ്തീയ ദർശനം നമ്മെ പഠിപ്പിക്കുന്നത്?
7. മലങ്കര സഭയുടെ പൊതു സെമിനാരി എവിടെ, ഏതുവർഷം ആരംഭിച്ചു?
8. ഗാർഹിക സഭയിലെ പുരോഹിതർ ആര്?
9. ദാവീദിനോടൊപ്പം ചേർന്ന ഗിത്യൻ ആര്?
10. ദാവീദിനെ വിമർശിച്ച പ്രവാചകൻ ആര്?

## ക്വിസ് 10 ഉത്തരങ്ങൾ

1. മറ്റൊരു സഹായകൻ
2. സാംസൺ
3. മോൺ. ജോസഫ് പഞ്ഞിക്കാരൻ
4. ഉസ്സാ
5. യോവാബ്
6. ചാൾസ് ഡിക്കൻസ്
7. സലേഷ്യൻ സഭ
8. ഓബദ് ഏദോമിന്റെ വീട്ടിൽ
9) മെഫിബോഷേത്ത്
10. നാഥാനോട്

## സീസൺ 3 ക്വിസ് 10 വിജയികൾ 10/10

1. മേഴ്സി പോൾ
2. റോസിലി ഫ്രാൻസിസ്
3. ബീന മോഹൻ
4. റോസി ഫ്രാൻസിസ്
5. സിസിലി സി.ഡി.
6. ഷീല ഡേവിസ്
7. ഫെമി ആന്റണി
8. മാഗ്ഗി വർഗ്ഗീസ്
9. ഡേവിസ് ഇ.ജി.
10. ബിജു പൗലോസ്
11. അൽഫോൻസ ഡോൾഫി

**മാർച്ച് 20ന് മുൻപ് ഉത്തരങ്ങൾ ലഭിക്കേണ്ടതാണ്**

BIBLE QUIZ

Quiz Digest

# Season II Junior's Quiz - 11

## For Catechism students (1st. Std to ACC)

**2 കോറി 1–5 വരെ അദ്ധ്യായങ്ങൾ**

**കത്തോലിക്കസഭ, ഡൈജസറ്റ് – ഫെബ്രുവരി**

1. എവിടെ പോകും വഴിയാണ് കോറിന്തോസുകാരെ സന്ദർശിക്കാമെന്ന് ശ്ലീഹാ തീരുമാനിച്ചിരുന്നത്?
2. പൗലോസിനോടൊപ്പം ലേഖനം എഴുതുന്നത് ആരാണ്?
3. ഗാർഹീക സഭയിലെ പുരോഹിതർ ആര്?
4. സെന്റ് പോൾ ബസ്സിക്കയുടെ വിശുദ്ധ വാതിൽ അടച്ചു മുദ്രവച്ചത് എന്ന്?
5. എഴുതപ്പെട്ട നിയമം നമ്മെ മൃതിപ്പെടുത്തുന്നുവെങ്കിൽ ജീവിപ്പിക്കുന്നത് എന്ത്?
6. ആരാണ് പുതിയ സൃഷ്ടി?
7. ത്രോവാസിൽ ആരെ കാണാതെയാണ് ശ്ലീഹായുടെ മനസ്സ് അസ്വസ്ഥമായത്?
8. നമ്മിൽ പതിച്ച മുദ്രക്ക് അച്ചാരമായി നമ്മുടെ ഹൃദയങ്ങളിലേക്ക് ആരേയാണ് പകർന്ന് നൽകിയിരിക്കുന്നത്
9. പഴയ പ്രമാണത്തിന്റെ മൂടുപടം നീക്കം ചെയ്യുന്നത് ആരിലൂടെയാണ്?
10. ലോകത്തിന്റെ ഇളയതമ്പുരാൻ ആര്?

## ക്വിസ് 10 ഉത്തരങ്ങൾ

1. സ്നേഹം
2. മരണം
3. എഫേസോസിൽ
4. കർദിനാൾ മേഴ്സിയാർ
5. സെബി മാളിയേക്കൽ
6. സാംസൺ
7. പ്രവചിക്കുന്നവൻ
8. ദൈവത്തോട്
9. നിയമവുമാണ്
10. കത്തോലിക്ക ലൈബ്രറി

## സീസൺ 2 ക്വിസ് 10 വിജയികൾ 10/10

1. തെരേസ ജോൺ,
2. അന്ന ജോൺ,
3. ഇവ മരിയ,
4. ജോമിൻ ജോസഫ്,
5. ജോൻ മരിയ

**7/10ലഭിച്ചവർ** തെരേസ റോസ്, ലിയാം ജോസഫ്, ലിയാൻ തോമസ്


**NB: ജൂനിയർ ക്വിസ്സിൽ കൂടുതൽ കൂട്ടുകാർ പങ്കെടുക്കാൻ ശ്രദ്ധിക്കണേ.**

**ഉത്തരം പൂരിപ്പിച്ച് പങ്കെടുക്കുന്ന വിദ്യാത്ഥികൾ**

**പേര്, ക്ലാസ് , കുടുംബകൂട്ടായ്മയുടെ പേര്, ഫോൺ നമ്പർ എന്നിവ എഴുതേണ്ടതാണ്.**

**NB: മാർച്ച് 20ന് മുൻപ് ഉത്തരങ്ങൾ ലഭിക്കേണ്ടതാണ്**

# കളറിംഗ് മത്സരം



പേര്..........................................................................ക്ലാസ്.................................

കുടുംബകൂട്ടായ്മ...........................................ഫോൺ.......................................

**പങ്കെടുക്കേണ്ട വിഭാഗങ്ങൾ 1. LKG & UKG, 2. LP , 3. UP,**

## <u>മത്സര വിജയികൾ</u>

| LKG & UKG | LP | UP |
|---|---|---|
| | **Ist സ്റ്റീവ് ഷിന്റോ**<br>സെന്റ് തോമസ് | **Ist തെരേസ് ജോൺ**<br>സെന്റ് ആൻസ്<br>**IInd സെറ ചാച്ചു**<br>സന്റ്. ആന്റണീസ് |

# ബൈബിൾ വായനകൾ



## മാർച്ച് - 2026

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>നിയ 15:7 – 15<br>തോബി 12:6 – 15<br>2 കോറി 8:9 – 15<br>മത്താ 6:1 – 8, 16 – 18 | **2**<br>ഫിലി 4:10 – 20<br>മർക്കോ 9:33 – 41 | **3**<br>2 കോറി 9:1 – 5<br>മർക്കോ 12:38 – 44 | **4**<br>2 കോറി 9:6 – 10<br>ലൂക്കാ 6:32 – 38 | **5**<br>യാക്കോ 2:10 – 17<br>മത്താ 7:21 – 28 | **6**<br>സുഭാ 8:12 – 21<br>ആമോ 5:1 – 7<br>2 കോറി 9:11 – 15<br>ലൂക്കാ 12:29 – 34 | **7**<br>2 കോറി 6:14 – 7:1<br>ലൂക്കാ 8:42 – 48 |
| **8**<br>ഉത്പ 19:1 – 7,10 – 11<br>2 സാമു 12:1 – 7, 13 – 17<br>2 തിമോ 2:2226<br>മത്താ 5:27 – 32 | **9**<br>പുറ 19:9 – 15<br>എസെ 22:6 – 15<br>2 പത്രോ 1:1 – 9<br>മർക്കോ 7:14 – 23 | **10**<br>പുറ 3:1 – 6<br>പ്രഭാ 4:11 – 18<br>ഹെബ്രാ 12:14 – 17<br>ലൂക്കാ 11:33 – 41 | **11**<br>1 രാജാ 19:19 – 21<br>ജോബ് 22:23 – 30<br>വെളി 3:1 – 6<br>മർക്കോ 10:52 | **12**<br>പുറ 29:31 – 37<br>2 മക്ക 1:24 – 29<br>1 തെസ 4:1 – 8<br>ലൂക്കാ 5:12 – 16 | **13**<br>പുറ 28:40 – 43<br>സുഭാ 20:5 – 9<br>ഹെബ്രാ 10:1 – 10<br>യോഹ 17:9 – 19 | **14**<br>വെളി 3:14 – 22<br>ലൂക്കാ 24:44 – 49 |
| **15**<br>ഉത്പ 4:8 – 16<br>1 സാമു 24:1 – 8<br>1 യോഹ 1:5 – 10<br>യോഹ 8:1 – 11 | **16**<br>എഫേ 4:1 – 6<br>ലൂക്കാ 17:1 – 6 | **17**<br>1 പത്രോ 3:8 – 12<br>മത്താ 5:38 – 48 | **18**<br>1 തെസ 5:12 – 18<br>മത്താ 18:15 – 20 | **19**<br>1 കോറി 13:1 – 8<br>12 – 13<br>മത്താ 18:21 – 35 | **20**<br>സംഖ്യ 29:1 – 6<br>എസ്രാ 6:31 – 35<br>ഹെബ്രാ 9:23 – 28<br>മത്താ 20:20 – 28 | **21**<br>1 കോറി 2:1 – 8<br>മത്താ 17:1 – 9 |
| **22**<br>നിയ 8:1 – 10<br>2 മക്ക 6:18 – 31<br>1 പത്രോ 4:12 – 19<br>മർക്കോ 8:31 – 9:1 | **23**<br>1 പത്രോ 2:18 – 23<br>മത്താ 12:15 – 21 | **24**<br>കൊളോ 1:24 – 29<br>യോഹ 15:18 – 27 | **25**<br>റോമാ 8:31 – 39<br>മത്താ 10:17 – 22 | **26**<br>2 തിമോ 1:6 – 14<br>മർക്കോ 10:32 – 34 | **27**<br>1 രാജാ 17:17 – 24<br>ശ്ലീഹ 9:36 – 42<br>റോമാ 5:12 – 17<br>യോഹ 11:32 – 44 | **28**<br>2 കോറി 2:14 – 17<br>യോഹ 12:1 – 11 |
| **29**<br>പുറ 15:1 – 3, 11 – 15, 20 – 21<br>ഏശ 62:10 – 12+63:1 – 4<br>ഗലാ 4:12 – 20<br>ലൂക്കാ 19:28 – 40 | **30**<br>1 രാജാ 9:1 – 9<br>വിലാ 2:1 – 7<br>റോമാ 11:17 – 24<br>ലൂക്കാ 19:41 – 48 | **31**<br>ഉത്പ 37:5 – 24<br>2 ദിന 24:17 – 22<br>ഹെബ്രാ 13:10 – 16<br>ലൂക്കാ 20:9 – 19 | | | | |


Happy
Birthday
ANYA
12-02-2026
Anya Angalo
D/o. Mrs. Riya & Mr. Angalo Simon
Grand D/o. Mrs. Moly Simon & Mr. Simon (Late)
Karerakkattil House, S.N. Park,
Thrissur-680004
St. Pious Unit

Our Sincere Gratitute ForThe Blessings Of ST.ANNES



SINCE 1960

# SAKTHI NETHRA

## OPTICALS & EYE CLINIC

BABAS TOWER , AYYANTOLE CHUNGAM , CIVIL LANE ROAD TRICHUR.4

**FOR OUR CUSTOMERS 9.00 AM TO 8.00 PM**

**FREE COMPUTERISED EYE TESTING**

**DOCTOR'S TIMING : 4.00 PM TO 6.00 PM**

**FOR APPOINTMENTS & DRIVING LICENCE CERTIFICATE**

**PLEASE CALL US :**

**9809011011 , 9495025011**

WWW.SAKTHINETHRA.VISION


nirmala hiprint, tsr 2387393